ഖുത്വ്ബ നമ്പർ

# 44

02-11-2012

بسم الله الرحمن الرحيم ○ نحمده ونصلي على رسوله الكريم ○ وعلى عبده المسيح الموعود

# ജുമുഅ ഖുത്വ്ബ

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ایدہ اللہ تعالیٰ بنصرہ العزیز

**വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്**



ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബാക്കളുടെ ബൈഅത്തുമായി ബന്ധപ്പെട്ട രിവായത്തുകൾ കേൾപ്പിക്കുന്നതാണ്. ആദ്യത്തെ രിവായത്ത് ഹദ്റത്ത് മുഹമ്മദ് ശാഹ് സാഹിബിന്റേതാണ്. ഈ ഉദ്ധരണി എടുത്ത സ്ഥലത്ത് അദ്ദേഹം ആദ്യം ചില സംഭവങ്ങൾ വിവരിച്ചതിനു ശേഷം പറയുന്നു, അഹ്മദിയാകുന്നതിന് മുമ്പ് ലുധിയാന സ്റ്റേഷനിൽ വെച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ കാണുകയുണ്ടായി. സയ്യിദിന് ബൈഅത്തിന്റെ ആവശ്യമില്ലെന്ന് അദ്ദേഹം നേരത്തെ എഴുതിയിരുന്നു. അതായത് ഒരു സയ്യിദിന് മറ്റുള്ളവരിൽ ബൈഅത്ത് ചെയ്യേണ്ട ആവശ്യമില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നതെന്ന് അദ്ദേഹം നേരത്തെ എഴുതിയിരുന്നു. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ സത്യവാനായി മനസ്സിലാക്കിയിട്ടും ബൈഅത്ത് അനിവാര്യമാണെന്ന് കരുതിയില്ല. ഈ ചിന്തയിൽ അസ്വസ്ഥനായി ഞാൻ കുറച്ചുകാലം കഴിച്ചു കൂട്ടി. സദസ്സുകളിൽ ഹദ്റത്ത് മീർസാ സാഹിബിന്റെ ഗുണഗണങ്ങളെ കുറിച്ചുള്ള പരാമർശമുണ്ടാകുമ്പോഴെല്ലാം തന്നെ താൽപര്യത്തോടെ ശ്രവിക്കുകയും എതിർക്കുന്ന സദസ്സുകളിൽ ഇരിക്കാൻ ഇഷ്ടപ്പെടാതെ അവിടെ നിന്ന് എഴുന്നേറ്റ് പോകുകയും ചെയ്യുമായിരുന്നു. അവസാനം ഒരു ദിവസം ആരിൽ നിന്നോ **ബേ പീർ വ ബേ പീർ മുർശദ്** എന്ന് വാക്കു കേൾക്കുകയുണ്ടായി. **ബേ പീർ വ ബേ മുർശിദ്** ഒരു അസഭ്യമാണെന്നും ഞാൻ സ്വയം **ബേ പീർ വ ബേ മുർശിദ്** ആണെന്നും എനിക്ക് തോന്നി. സയ്യിദ് ഇതിൽ നിന്നും വ്യതിരിക്തമാണോ? ചില സിംഹാസനാരൂഢരായ വലിയ മഹാത്മാക്കളെ കുറിച്ച് ഓർമ്മ വന്നു. സയ്യിദായിരുന്ന അവർ സയ്യിദല്ലാതിരുന്ന ചില മഹാത്മാക്കളിൽ ബൈഅത്ത് ചെയ്ത് അനുഗ്രഹം കരസ്ഥമാക്കിയിരുന്നു. ഞാനും സ്വയം ചിന്താവിഷ്ടനായി. എന്നാൽ അജ്ഞതയും പക്വതയില്ലായ്മയും കാരണം ആരോടും അന്വേഷിച്ചില്ല. എന്നാൽ ഒരു ലക്ഷ്യം മനസ്സിൽ വെച്ചു കൊണ്ട് ചില നല്ല ആളുകളോട് തന്റെ ലക്ഷ്യപൂർത്തീകരണത്തിനുതകുന്ന ദുആകൾ ചോദിച്ചറിഞ്ഞ് ചെയ്യാൻ തുടങ്ങി. ഉദ്ദേശ്യം പരിപൂർണ്ണനായ ആത്മീയ ഗുരുവും സയ്യിദും ലഭിക്കണം എന്നതായിരുന്നു. അതായത് സയ്യിദായ ഒരു ഗുരുവിനെ ലഭിക്കണം. അങ്ങിനെ നീണ്ട കാലം വരെ ഖബർസ്ഥാനങ്ങളിലും, മഹാത്മാക്കളുടെ ഖബറിടങ്ങളിലും, നദികളിലും, കിണറുകളിലും, പർവ്വതങ്ങളിലുമെ ല്ലാം ഏകാന്തവാസത്തിലും ദുആയിലും കഴിച്ചു കൂട്ടി. ചുരുക്കത്തിൽ രാത്രിയിൽ രഹസ്യസ്ഥലങ്ങളിൽ പോയിക്കൊണ്ട് 40 ദിവസങ്ങളോളം ഏകാന്തവാസം അനുഷ്ഠിച്ചു. ഒന്നും ലഭിച്ചില്ല. അവസാനം ഒരു നാൾ നിരാശനായി കിടന്നുറങ്ങിപ്പോയി. സ്വപ്നത്തിൽ ഒരു മഹാത്മാവ് ഇങ്ങിനെ ആശ്വസിപ്പിക്കുന്നതായി കണ്ടു. മകനെ! നിനക്ക് ലഭിക്കുന്ന ഗുരു എല്ലാവരുടെയും ഗുരുവായിരിക്കും. അദ്ദേഹത്തിനു മുന്നിൽ എല്ലാ പീർമാരും ഗുരുക്കന്മാരും ഒന്നും തന്നെയല്ല. ആ ദൃശ്യം കണ്ടപ്പോൾ മനസ്സിന് സംതൃപ്തി ലഭിച്ചു. പരിപൂർണ്ണ ആത്മീയ ഗുരു ഇൻശാഅല്ലാഹ് ലഭിക്കുന്നതാണെന്ന ദൃഢവിശ്വാസം ഉണ്ടാകുകയും ചെയ്തു. അവസാനം 1905ൽ ഒരു രാത്രി ഞാനൊരു സ്വപ്നം കണ്ടു. വൃത്തിയും വെടിപ്പുമുള്ള വിശാലമായ ഒരു മൈതാനം. ഒരു വലിയ സമ്മേളന നഗരി പോലെ പൂർണ്ണമായും വൃത്തിയാക്കിയ മൈതാനം. അതിൽ ഒരു സ്റ്റേജുമുണ്ട്. അത് വളരെ ഉയർന്നതും രാജാക്കന്മാരുടേത് പോലെ പ്രൗഢിയുള്ളതുമാണ്. അതിനെ നിർവചിക്കാൻ എന്നെപ്പോലെയുള്ള അല്പജ്ഞാനികൾക്ക് സാധ്യമല്ല. എന്നോട് ഒരാൾ പറയുകയാണ്, ഇന്ന് ഇവിടെ നബിമാരുടെ (അ) ഇജ്തിമായാണ്. റസൂൽ തിരുമേനി ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ് (സ) ഇന്ന് പ്രിയപ്പെട്ട സ്വന്തം മകനെ സിംഹാസനത്തിൽ വാഴിക്കുന്നതിനായി ആഗതരാകുന്നതാണ്. ഞാൻ സന്തോഷത്താൽ തുള്ളിച്ചാടുന്നു. വളരെ വേഗത്തിൽ ഓടി കിതച്ചു കൊണ്ട് ആ മൈതാനത്തുള്ള സ്റ്റേജിന് തൊട്ടടുത്ത് ഏറ്റവും മുന്നിൽ എത്തുകയുണ്ടായി. കുറച്ച് സമയത്തിനുള്ളിൽ ആ മൈതാനം പരിശുദ്ധരും പ്രകാശിത മുഖമുള്ളവരെയും കൊണ്ട് നിറഞ്ഞു. ഉടൻ തന്നെ എല്ലാവരും മുകളിലേക്ക് നോക്കുവാൻ തുടങ്ങി. ഞാനും മുകളിലേക്ക് നോക്കി. അപ്പോൾ വിമാനത്തെ പോലെ അമൂല്യങ്ങളായ രഥങ്ങളെ ഉണ്ടാക്കിയിരിക്കുന്നതായി കണ്ടു. അതിൽ ചിലതിൽ ഒരു പുരുഷൻ മാത്രമായും, ചിലതിൽ ഒരു സ്ത്രീയും ഒരു പുരുഷനും മാത്രമായും, ചിലതിൽ രണ്ടു സ്ത്രീകൾ മാത്രമായും, അല്ലെങ്കിൽ പുരുഷന്മാർ മാത്രമായും ആകാശത്തു നിന്ന് സുഗമമായി ഇറങ്ങികൊണ്ടിരിക്കുന്നു. ഇത് ഇന്ന നബിയാണ് അത് ഇന്ന നബിയാണ് എന്ന് സ്വയം എനിക്ക് ബോധ്യമാകുന്നു. ധാരാളം ഉമ്മഹാത്തുൽ മുഅ്മിനീംകളും, ഉദാഹരണമായി ഹവ്വ, ഹാജറ, മർയം, ബീവി ഫാത്വിമ, ഖദീജ (റ) എല്ലാവരും വരുന്നു. എല്ലാ പ്രവാചകരും (അ) ഉമ്മഹാത്തുൽ മുഅ്മിനീംകളും എത്തി അവരവരുടെ കസേരകളിൽ ഇരിപ്പുറപ്പിച്ചു. ജുമുഅ ദിവസം ഖാദിയാനിൽ മസ്ജിദ് അഖ്സയിൽ അദ്ദേഹത്തെ – ഹദ്റത് ഖലീഫത്തുൽ മസീഹ് സാനിയെ കുറിച്ചാണ് പറയുന്നത്– പ്രതീക്ഷിച്ചിരിക്കുന്നത് പോലെ എല്ലാവരും ആരെയോ പ്രതീക്ഷിച്ചിരിക്കുകയാണ്. ചിലപ്പോൾ ആകാശത്തി

ലേക്ക് മുഖമുയർത്തി പറയും, പിതാവും പുത്രനും വരുന്നുണ്ടാകും. കുറച്ചു നേരത്തിന് ശേഷം ഒരു രഥമിറങ്ങി. അത് എല്ലാ രഥങ്ങളെക്കാളും അലങ്കരിച്ചതായിരുന്നു. അതിൽ നിന്ന് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) യും ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് മസീഹ് മൗഊദ് (അ) മും ഇറങ്ങി. സ്റ്റേജിൽ അടുത്തടുത്തായി വെച്ചിരുന്ന രണ്ട് കസേരകളിൽ ഇരുന്നു. ആദ്യം മുഹമ്മദ് റസൂസുല്ലാഹ് (സ) യും പിന്നീട് ഹദ്റത് മിർസാ സാഹിബ് മസീഹ് മൗഊദ് (അ) മും എന്നോട് അസ്സലാമു അലൈക്കും പറഞ്ഞു. പിന്നീട് ആരംഭപ്രഭാഷണം റസൂൽ തിരുമേനി (സ) നിർവഹിച്ചു. അതിൽ പറഞ്ഞു, നിങ്ങൾക്ക് മുമ്പേ തന്നെ അറിയിക്കപ്പെട്ടതനുസരിച്ച് എന്റെ മകനെ നിങ്ങൾ എല്ലാ നബിമാരുടെയും മുന്നിൽ വെച്ച് ഞാൻ സിംഹാസനത്തിൽ ഇരുത്തുകയാണ്. പിന്നീട് ഹദ്റത്ത് മിർസാ സാഹിബ് മസീഹ് മൗഊദ് (അ) പ്രസംഗിച്ചു. അന്നേരം എനിക്ക് സയ്യിദിന്റെ യാഥാർത്ഥ്യം മനസ്സിലായി. ലുധിയാനയിലെ സ്റ്റേഷനിൽ വെച്ചു കണ്ട അതേ മീർസാ സാഹിബു തന്നെയായിരുന്നു അത്. പറയുന്നു, അത് മനസ്സിലായപ്പോൾ അടുത്ത ദിവസം തന്നെ എഴുന്നേറ്റ ഉടൻ ബൈഅത്തിനുള്ള കത്തെഴുതി. പിന്നീട് എഴുതുന്നു, ഹദ്റത്ത് മസീഹ് മൗഊദ് (അ) ൽ ആയിരമായിരം അനുഗ്രഹങ്ങൾ വർഷിക്കുമാറാകട്ടെ.

ഗാമെ സാഹിബിന്റെ മകനായ ഹദ്റത്ത് മുഹമ്മദ് അലി സാഹിബ് പറയുന്നു. വലിയ പ്ലേഗ് പടർന്ന കാലഘട്ടമായ 1903 ലോ 1904 ലോ ആണ് ബൈഅത്ത് ചെയ്തത്. അതിനു ശേഷമുള്ള ഉഷ്ണ കാലത്താണ് ബൈഅത്ത് ചെയ്തത്. പിതാവ് ആദ്യമെ ബൈഅത്ത് ചെയ്തിരുന്നു. അദ്ദേഹം മൂസിയായിരുന്നു. ബഹിശ്തി മഖ്ബറയിലാണ് അടക്കം ചെയ്തിരിക്കുന്നത്. സ്വപ്നത്തിൽ അദ്ദേഹം ഒരു വല കെട്ടിയിരിക്കുന്നതായി കാണുന്നു. അതിൽ മൂന്ന് അരിപ്രാവ് കുടുങ്ങിയിരിക്കുന്നു. വേട്ടക്കായി വിരിച്ച വലയായിരുന്നു. മൗലവി ബൂട്ടേ ഖാൻ സാഹിബ് ബക്ന ശികാർ അതിന്റെ വ്യാഖ്യാനമായി പറഞ്ഞത്, നിങ്ങളുടെ മൂന്ന് ആൺമക്കളും അഹ്മദിയാകുമെന്നാണ്. അങ്ങിനെ ഞങ്ങൾ മൂന്ന് സഹോദരന്മാരും പിന്നീട് അഹ്മദികളായിത്തീർന്നു.

ഹദ്റത്ത് മൗലവി ശേർ അലി സാഹിബ് (റ) സീറാ പറയുന്നു, 1906ലാണ് ബൈഅത്ത് ചെയ്തത്. ഈ മൗലവി ശേർ അലി സാഹിബ് വേറെയാണ്. സംഭവം ഇങ്ങിനെയാണ്. ഞാൻ മൗലവി ജലാലുദ്ദീൻ സാഹിബിന്റെ സഹോദരനായ മൗലവി മുഹമ്മദ് അലി സാഹിബ് മുബല്ലിഗ് യു.പി യിൽ നിന്നും ഖുർആൻ പഠിക്കുമായിരുന്നു. മൗലവി ജലാലുദ്ദീൻ സാഹിബിൽ നിന്നും ലഭിച്ച പ്രേരണയാൽ അദ്ദേഹം ബൈഅത്ത് ചെയ്തു. പിന്നീട് മൗലവി അലി മുഹമ്മദ് സാഹിബ് ഞങ്ങളെ തബ്ലീഗ് ചെയ്യാൻ തുടങ്ങി. ഞാൻ ഇസ്തിഖാറ ചെയ്യാൻ തുടങ്ങി. 40 ദിവസത്തോളം യാഖബീറു അഖ്ബിർ നീ എന്ന ദുആ ഉരുവിട്ടു കൊണ്ടിരുന്നു. വാദി സത്യമാണെന്ന് എന്നോട് പറയപ്പെട്ടു. പറയുന്നു, പല വാദികളും ഉണ്ടായിരുന്നു. ആരെ സംബന്ധിച്ചാണെന്ന് മനസ്സിലായില്ല. അടുത്ത രാത്രി വീണ്ടും പറയപ്പെട്ടു വാദിക്കുന്ന ആൾ സത്യവാനാണ്. മൂന്നാമത്തെ രാത്രി പറയപ്പെട്ടു, ഖാദിയാനിൽ വാദം പുറപ്പെടുവിച്ച വ്യക്തി സത്യവാനാണ്. അപ്പോൾ ഞാൻ ബൈഅത്ത് ചെയ്തു. പിന്നീട് രണ്ടാം ഖിലാഫത്ത് കാലത്തും സുവാർത്തയുടെ അടിസ്ഥാനത്തിൽ ഞാൻ ബൈഅത്ത് ചെയ്യുകയുണ്ടായി. ഖലീഫത്തുൽ മസീഹ് സാനിയുടെ കാലത്ത് ഫിത്ന ഉടലെടുത്തപ്പോഴും അല്ലാഹുവിൽ നിന്ന് സുവാർത്ത ലഭിക്കുകയും അദ്ദേഹം ബൈഅത്ത് ചെയ്യുകയും ചെയ്തു.

ഹദ്റത്ത് ശേഖ് മുഹമ്മദ് ഹയാത്ത് സാഹിബ് മോഗ നിവേദനം ചെയ്യുന്നു. 1903 ൽ ഹദ്റത്ത് സാഹിബിന്റെ കയ്യിൽ ബൈഅത്ത് ചെയ്തു. മൗലവി നൂർ മുഹമ്മദ് സാഹിബ് ഓഫ് മാങ്കാട്ട് ആണ് തബ്ലീഗ് ചെയ്തത്. ശേഖ് സാഹിബ് പറയുന്നു, ഞാൻ സ്വന്തം വീടിന്റെ മുറ്റത്ത് കിടക്കുന്നതായി സ്വപ്നം കണ്ടു. ഒരു ചന്ദ്രരൂപം എന്റെ മുന്നിലൂടെ കടന്നു പോയി. ഇത് ഖാദിയാനി അഹ്മദ് ആണെന്ന് അതോടൊപ്പം പറയപ്പെടുകയും ചെയ്തു. സ്വപ്നത്തിൽ ഞാൻ സ്വയം ചിന്തിക്കുകയാണ്, ഇത് ശരിയല്ല. ആ അവസ്ഥയിൽ ഞാൻ ഉണർന്നു. മൗലവി നൂൻ മുഹമ്മദ് സാഹിബിനോട് സ്വപ്നത്തെ കുറിച്ച് പരാമർശിച്ചു. സ്വപനത്തിലല്ലാതെ മനസ്സിൽ വന്നതെല്ലാം പൈശാചികമാണെന്ന് അദ്ദേഹം പറഞ്ഞു. അങ്ങിനെ ഞാൻ ബൈഅത്ത് ചെയ്തു.

മിയാൻ ഖാദർ ബഖ്ശ് സാഹിബിന്റെ മകനായ ഹദ്റത്ത് അബ്ദുർ റഹീം ബൂട്ട് മേക്കർ ദിൽദ്സാസ് പറയുന്നു, 1906-ൽ എനിക്ക് ഖാദിയാനിൽ വരുന്നതിനുള്ള താൽപര്യം ജനിച്ചു. മുഹമ്മദ് അബ്ദുല്ലാഹ് സാഹിബ് ദിൽദ്സാസിന്റെ മകനും എന്റെ അമ്മാവനുമായ മുഹമ്മദ് ഇസ്മാഈൽ സാഹിബ് ദിൽദ്സാസും അദ്ദേഹത്തിന്റെ മകൻ ഭായി മുഹമ്മദ് അബ്ദുല്ലാഹ് സാഹിബ് ദിൽദ്സാസും മാത്രമാണ് എന്റെ കുടുംബത്തിൽ അഹ്മദിയായുണ്ടായിരുന്നത്. അവരേക്കാൾ കൂടുതൽ ആത്മാർത്ഥത എന്റെ അമ്മായിക്കായിരുന്നു. അതായത് മുഹമ്മദ് അബ്ദുല്ലാഹ് സാഹിബിന്റെ മാതാവ്. അവർ മുഖാന്തിരം എന്റെ അമ്മാവനും ഭായി മുഹമ്മദ് അബ്ദുല്ലാഹ് സാഹിബും ഖാദിയാനിൽ വരുകയും അഹ്മദിയാകുകയും ചെയ്തു.

ഞാൻ അമ്മാവന്റെ അടുക്കൽ ഖുർആൻ പഠിക്കുമായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രവിക്കുമായിരുന്നു. നീയും എനിക്ക് അബ്ദുല്ലായെ പോലെയാണെന്ന് അദ്ദേഹം പറയുമായിരുന്നു. അതായത് അത്രയും പ്രിയപ്പെട്ടതാണ്. എന്റെ വാക്കുകൾ കേൾക്കുക. ജനങ്ങൾ ഹദ്റത്ത് മിർസാ സാഹിബിനെ മോശമായി ചിത്രീകരിക്കുന്നു. എന്നിട്ടും ജമാഅത്ത് വളരുകയാണ്. ഉദാഹരണമായി, കൃഷിയിടത്തിൽ എത്രമാത്രം മാലിന്യവും തവിടും ഇടുന്നുവോ അത്ര കണ്ട് വിളവ് പച്ചിപ്പുള്ളതായിത്തീരുന്നതാണെന്ന് ഓർക്കുക. ഇവർ എത്ര കണ്ട് അസഭ്യം പറയുന്നുവോ അതനുസരിച്ച് ജമാഅത്തിന് പുരോഗതി ലഭിച്ചു കൊണ്ടിരിക്കുന്നതാണ്. അല്ലാഹുവിന് ആയിരമായിരം നന്ദി. മോശമായവരുടെ കൂട്ടത്തിൽ കഴിഞ്ഞിട്ടും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദാസത്വത്തിൽ പ്രവേശിക്കാൻ സാധിച്ചു.

അമ്മായിയോടു എനിക്ക് പ്രത്യേക സ്നേഹമായിരുന്നു. നിന്നെ തീർച്ചയായും ഖാദിയാനിൽ കൊണ്ടു പോകുന്നതാണെന്ന് അവർ എന്നോട് പറഞ്ഞിരുന്നു. എനിക്കും താൽപര്യം ഉണ്ടായിരുന്നു. ഒരിക്കൽ പറഞ്ഞു, ഒരു ഭാഗത്തേക്കുള്ള ചിലവ് നീ വഹിക്കുക. ഒരു ഭാഗത്തേക്കുള്ളത് ഞാനെടുത്തു കൊള്ളാം. താൽപര്യം ജനിക്കുന്നതിനും, പോകുന്നതാണ് എന്നാൽ സ്വയം നിനക്കും ചിലവഴിക്കേണ്ടി വരും എന്ന ബോധം ആ കുട്ടിയിൽ ജനിക്കുന്നതിനു വേണ്ടിയാ

ണിത്. പറയുന്നു, എല്ലാ ജുമുആക്കും എനിക്ക് ഒരു പൈസ ചിലവിനായി ലഭിക്കുമായിരുന്നു. അക്കാലത്ത് അതിന് വലിയ മൂല്യമുണ്ടായിരുന്നു. പറയുന്നു, ഓരോ മാസവും ഓരോ അണ സ്വരുക്കൂട്ടുമായിരുന്നു. അണയിൽ നാല് പൈസയാണുണ്ടായിരുന്നത്. മാസം ഒരു അണ ഒരുക്കൂട്ടും. എന്റെ കയ്യിൽ എത്ര അണയായിരുന്നു എന്നെനിക്കോർമയില്ല. ഉണ്ടായിരുന്നത്രയും ഞാനെന്റെ അമ്മാവനെ ഏൽപ്പിച്ചു. ബാക്കി മുഴുവൻ ചിലവും അമ്മാവനായിരുന്നു വഹിച്ചത്. മസീഹ് മൗഊദ് (അ) നെ സന്ദർശിക്കാനാണ് പോകുന്നത് അതിനാൽ നിനക്കും അല്പം ത്യാഗം സഹിക്കേണ്ടി വരും എന്ന ബോധം ഉളവാകാൻ വേണ്ടിയായിരുന്നു അത്. ഒരു ശീലമുണ്ടാക്കിയെടുക്കുന്നതിന്. അത് നിസാര സംഖ്യയേ ഉള്ളു. യഥാർത്ഥ ചിലവ് വഹിച്ചത് അമ്മാവനാണ്. 1907 ൽ മുഹമ്മദ് അബ്ദുല്ലാ സാഹിബിന്റെ സഹോദരിയായ ഫാത്വിമയെ – അവർ എന്റെയും മുലകുടി ബന്ധത്തിലുള്ള സഹോദരിയാണ്– വിടുന്നതിനായി ഖാദിയാനിൽ എത്തി. ഇവിടെ വന്നാണ് യഥാർത്ഥ മുസ്‌ലിമായത്. ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു. അല്ലാഹുവിന് നന്ദി.

അബ്ദുല്ലാഹ് സാഹിബിന്റെ മകൻ അബ്ദുസ്സത്താർ സാഹിബ് പറയുന്നു. ഞാൻ എന്റെ പിതാവിനോട് ചോദിച്ചു, മസീഹ് നാസിരിയ വഫാത്തായി എന്നത് എനിക്കു മനസ്സിലാകുന്നില്ല. ജീവിച്ചിരിക്കുന്നു എന്ന് അറിയാം. അതായത് അദ്ദേഹം അപ്പോൾ അഹ്മദി ആയിട്ടുണ്ടായിരുന്നില്ല. പിതാവ് അഹ്മദി ആയിരുന്നു. മസീഹ് ജീവിച്ചിരിക്കുന്നു എന്ന ഞങ്ങൾക്കറിയാം എങ്ങിനെ മരണപ്പെട്ടു എന്നറിയില്ല. ഞങ്ങൾക്കത് മനസ്സിലാക്കി തരിക. അപ്പോൾ എന്റെ പിതാവ് ബൈഅത്തിന് എട്ട് പത്ത് മാസം മുമ്പ് കണ്ട ഒരു സ്വപ്നം വിവരിച്ചു. പറയുന്നു, ഞാൻ റാവി നദിക്കരയിൽ രണ്ട് കൂടാരം കെട്ടിയിരിക്കുന്നതായി കണ്ടു. ഒന്ന് മസീഹ് മൗഊദ് (അ) ന്റേതും രണ്ടാമത്തേത് റസൂൽ തിരുമേനി(സ)യുടേതും. ഞാൻ തിരുനബി(സ) യുടെ കൂടാരത്തിൽ പ്രവേശിച്ചു കൊണ്ട് ചേദിച്ചു, മസീഹ് മൗഊദാണെന്ന് വാദിക്കുന്ന മാന്യൻ എങ്ങിനെയുള്ള വ്യക്തിയാണ്? നബി (സ) പറഞ്ഞു, ഈ വ്യക്തി വളരെയധികം അർഹനാണ്, വളരെയധികം അർഹനാണ്, വളരെയധികം അർഹനാണ്. മൂന്ന് തവണയും വിരൽ കൊണ്ടാംഗ്യം കാണിച്ചു കൊണ്ട് പറഞ്ഞു. പരിപൂർണ്ണ സാക്ഷ്യം കണ്ട് കൊണ്ട് ആ മഹാത്മാവ് അതായത് മസീഹ് മൗഊദ് (അ) വാദത്തിൽ സത്യവാനാണെന്ന ദൃഢവിശ്വാസം കൈ വന്നു. ജീവിച്ചിരിക്കുന്നുണ്ടോ മരിച്ചോ എന്നത് നമുക്ക് പ്രശ്നമല്ല. അതായത് സ്വപ്നം വളരെ സ്പഷ്ടമായിരുന്നു. അതിനാൽ ഹദ്റത്ത് ഈസാ (അ) മരിച്ചോ ജീവിച്ചിരിക്കുന്നോ എന്നറിയില്ല. അതിന്റെ ആവശ്യവുമില്ല. ഈ സാക്ഷ്യവും ദൃശ്യവും എനിക്ക് മതിയായതാണ്. അത് കൊണ്ട് ഞാൻ ബൈഅത്ത് ചെയ്തു.

മിയാൻ നബി ബഖ്ശ് സാഹിബിന്റെ മകൻ ഹദ്റത്ത് ചൗധരി നിസാമുദ്ദീൻ സാഹിബ് പറയുന്നു, പ്ലേഗിന്റെ പ്രവചനത്തിന്റെ അവസരത്തിലുള്ള മൂന്നാമത്തെ സംഭവം, ശിക്കാർ മാചിയാ എന്ന സ്ഥലത്തെ മൗലവി റുൽദു സാഹിബിന്റെ ഭാര്യയും അഞ്ചാറ് സ്ത്രീകളും പ്ലേഗിനെ ഭയന്ന് കഠിന തണുപ്പും മഴയും ഉള്ള സമയത്ത് ബൈഅത്ത് ചെയ്യുന്നതിന്നായി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സമക്ഷത്തിൽ ഹാജരായി. പ്ലേഗിന്റെ സമയമായിരുന്നു. ശിക്കാർ മാഛയിൽ നിന്ന് അഞ്ചാറു സ്ത്രീകൾ കഠിന ശൈത്യവും മഴയും വകവെക്കാതെ പ്ലേഗിനെ ഭയന്നു കൊണ്ട് ബൈഅത്ത് ചെയ്താലെ രക്ഷയുള്ളു എന്ന് മനസ്സിലാക്കി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സന്നിധിയിൽ മഴയിൽ നനഞ്ഞ് എത്തിച്ചേർന്നു. ഹദ്റത്ത് സാഹിബ് അവരുടെ പ്രയാസങ്ങളും യാത്രയും തണുപ്പും എല്ലാം കണ്ടു കൊണ്ട് അങ്ങേയറ്റം കാരുണ്യത്തോടും അനുകമ്പയോടും കൂടി ഉചിതമായ സംവിധാനങ്ങൾ ഏർപ്പെടുത്തി. നനഞ്ഞ വസ്ത്രങ്ങൾ മാറ്റിച്ച് പുതിയത് ധരിപ്പിച്ചു. അവർക്ക് വസ്ത്രങ്ങൾക്കുള്ള സംവിധാനം ഏർപ്പെടുത്തി. തണുപ്പകറ്റാനായി തീ കത്തിച്ചു. അവസ്ഥ ഭേദപ്പെട്ടപ്പോൾ അവർ പറഞ്ഞു, ഹുസൂർ ഞങ്ങളുടെ ബൈഅത്ത് സ്വീകരിച്ചാലും. ഹുസൂർ കാരുണ്യത്തോടും അനുഗ്രഹത്തോടും കൂടി അപേക്ഷ സ്വീകരിച്ചു കൊണ്ട് ബൈഅത്ത് ചെയ്തവരിൽ അവരെ ഉൾപ്പെടുത്തി. മൗലവി സാഹിബിന്റെ ഭാര്യ നബി (സ) യുടെ സന്ദേശം അതായത് അസ്സലാമു അലൈക്കും അറിയിച്ചു. അവരിൽ അല്പം അറിവും ജ്ഞാനവും ഉള്ളത് മൗലവി സാഹിബിന്റെ ഭാര്യക്കായിരുന്നു. അവർ ഹദിറത്ത് മസീഹ് മൗഊദ് (അ) ന്റെ സവിധത്തിൽ ബൈഅത്തിനു ശേഷം ഹദീസിൽ വന്നിട്ടുള്ള നബി (സ)യുടെ സന്ദേശം മസീഹ് മൗഊദിന് എന്റെ സലാം എത്തിക്കുക എന്നത് എത്തിച്ചു. അപ്പോൾ ഹുസൂർ വളരെ സന്തോഷിച്ചു. പറഞ്ഞു, നബി (സ)യുടെ ഈ സന്ദേശം ഇതു വരെ ആരും തന്നെ എത്തിച്ചിട്ടില്ല. ആളുകൾ വരുന്നു, ബൈഅത്ത് ചെയ്യുന്നു, തിരിച്ച് പോകുന്നു. പിന്നീട് ബൈഅത്ത് ചെയ്ത സ്ത്രീകൾ തബർറുക്ക് അവശ്യപ്പെട്ടപ്പോൾ അവർക്ക് നൽകുകയുണ്ടായി.

ഹംഗറി തുടങ്ങിയ സ്ഥലങ്ങളിൽ മുബല്ലിഗായിരുന്ന ചൗധരി ഹാജി അയാസ് ഖാൻ സാഹിബ് തന്റെ പിതാവ് ചൗധരി കറം ദീൻ സാഹിബിനെ സംബന്ധിച്ച് പറയുന്നു, അദ്ദേഹത്തിന്റെ അവസ്ഥയെ സംബന്ധിച്ച് അദ്ദേഹത്തിന്റെ മകൻ പറയുകയാണ്. ചൗധരി കറം ദീൻ സാഹിബിന്റെ വാക്കുകൾ ഇപ്രകാരമാണ്, ഹദ്റത്ത് സാഹിബിന്റെ ജഹ്‌ലും ആഗമനത്തെ സംബന്ധിച്ചുള്ള കിംവദന്തി പരന്നപ്പോൾ ഞങ്ങളുടെ മാതാവായ ഹുസൈൻ ബീഹി സാഹിബയ്ക്ക് സ്വപ്നത്തിലൂടെ അറിയിച്ച് കൊടുത്തത് ജനങ്ങൾ എതിർക്കുന്ന, ജഹ്‌ലമിൽ ആഗതനാകുന്ന ഈ വ്യക്തി സത്യവാനാണ്. രാവിലെ ഞങ്ങളുടെ മാതാവ് ഞങ്ങളോട് പറഞ്ഞു, ആ പരിശുദ്ധ വ്യക്തിയെ അതായത് ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ കാണുകയും ബൈഅത്ത് ചെയ്യാനുള്ള അവസരം ലഭിക്കുകയാണെങ്കിൽ അത് സൗഭാഗ്യമായിരിക്കും.

അങ്ങിനെ ഹദ്റത്ത് സാഹിബ് ജഹ്‌ലമിലെത്തിയ ദിവസവും അതിന് തലേന്നും ഖാരിയ തുടങ്ങിയ റെയിൽവെ സ്റ്റേഷനുകളിൽ അസാമാന്യ തിരക്ക് അനുഭവപ്പെട്ടു. ധാരാളം ജനങ്ങൾ എത്തിച്ചേർന്നിരുന്നതിനാൽ ഹദ്റത്ത് സാഹിബിനെ കാണുന്നതിനുള്ള ഒരു മാർഗവും കാണുന്നുണ്ടായിരുന്നില്ല. അതുകൊണ്ട് കേസിന്റെ തിയ്യതിയുള്ള ദിവസം ഞങ്ങളുടെ മാതാവ് അതിരാവിലെ എനിക്ക് റൊട്ടിയുണ്ടാക്കി തന്നു. അത് കഴിച്ചതിന് ശേഷം കാൽനടയായി ഞാൻ ജഹ്‌ലമിലെത്തി. കോടതിയുടെ മതിൽ കെട്ടിനുള്ളിൽ കഷ്ടപ്പെട്ട് എത്തിപ്പെട്ടു. ജനങ്ങൾ പല മാർഗങ്ങളും അവലംബിച്ചു

കൊണ്ട് ഹദ്റത്ത് സാഹിബിന്റെ പരിശുദ്ധ മുഖം ദർശിക്കുന്നതിനുള്ള ശ്രമത്തിലായിരുന്നു.

ഡപ്യൂട്ടി സാഹിബിന്റെ കെട്ടിടത്തിനു പിന്നിൽ സുന്ദരമായ താടിയുള്ള മൗലവിമാർ ഉപദേശ പ്രസംഗങ്ങൾ നടത്തിക്കൊണ്ടിരുന്നു. അതായത് കുറച്ച് അഹ്മദികൾ. അവർ പഞ്ചാബിയിൽ പറയുകയായിരുന്നു, **ഓ ഖൽക്കത്തെ ഖുദാദിയെ, ബാഗിയാ ഢീംകേ വാലാ മസീഹ് വോ ആഗയാ മൻലോതെ വേലാജായെ.** അതായത് അല്ലാഹുവിന്റെ സൃഷ്ടികളെ, കാലങ്ങളായി പ്രതീക്ഷിച്ചിരുന്ന മസീഹ് മൗഊദും മഹ്ദി മഅ്ഊദും ആഗതരായിരിക്കുന്നു. ഇനിയും സമയമുണ്ട്, അദ്ദേഹത്തിൽ വിശ്വസിക്കുക. നമ്മുടെ ഖാരിയിലുള്ള ചില അഹ്മദികൾ കുറച്ചു ദിവസം മുമ്പേ ജഹ്ലുമിലെത്തിയിരുന്നു. അവർക്കവിടെ ലങ്കറിനും അതുപോലെ സുരക്ഷയ്ക്കുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടിയിരുന്നു. ഹദ്റത്ത് സാഹിബ് ഡപ്യൂട്ടിയുടെ കോടതിയിൽ പ്രവേശിച്ച് ഒന്ന് രണ്ട് മിനിറ്റുകൾക്കകം തന്നെ പുറത്തേക്ക് വന്നു. അദ്ദേഹത്തെ വിട്ടയച്ചിരിക്കുന്നു എന്ന ആരവം ഉയർന്നു.

മസീഹ് മൗഊദ് (അ) ഒരു കുതിര വണ്ടിയിൽ കയറി സ്റ്റേഷനിലേക്ക് പുറപ്പെട്ടു. ഹുസൂറിനടുത്തേക്ക് എങ്ങിനെ എത്തിപ്പെടും എങ്ങിനെ ബൈഅത്ത് ചെയ്യും എന്നതിൽ ഞാൻ അൽഭുതപ്പെട്ടു. ഹുസൂർ നഗരമാർഗത്തിലൂടെയാണോ അതോ മറ്റേതെങ്കിലും മാർഗത്തിലൂടെയാണോ സ്റ്റേഷനിലേക്ക് പോയതെന്നറിയില്ല. എന്നാൽ ഞാൻ ഓടി നേരെ സ്റ്റേഷനിലെത്തി. ഹുസൂർ വണ്ടിയിലായിരുന്നു. പോലീസ് എല്ലാവരെയും സ്റ്റേഷനു വെളിയിലേക്ക് ആക്കുകയായിരുന്നു. ഇരുമ്പു വേലിക്ക് പുറത്ത് നോക്കെത്താ ദൂരം വരെ വൻ ജനാവലിയായിരുന്നു. പോലീസ് ഞങ്ങളെ പ്ലാറ്റ് ഫോമിൽ നിന്നും പുറത്താക്കാൻ തുടങ്ങിയപ്പോൾ റെയിൽവേയിലെ ഒരു ജീവനക്കാരനെ ഞാൻ കണ്ടു. അയാളുടെ പേര് അബ്ദുല്ലാഹ് എന്നായിരുന്നു. ഗുഡാ ജങ്കൽ നിവാസിയായിരുന്ന അയാൾ ഗുസ്തിയുലും കബഡിയിലും പ്രസിദ്ധനായിരുന്നു. എന്റെ പരിചയക്കാരനുമായിരുന്നു.

പോലീസ് എന്നെ പുറത്താക്കാതിരിക്കാൻ എന്തെങ്കിലും മാർഗം പറഞ്ഞു തരിക, എനിക്ക് അടുത്ത് ചെന്ന് മിർസാ സാഹിബിനെ കാണണം എന്ന് അയാളോട് പറഞ്ഞപ്പോൾ അയാൾ എന്റെ കയ്യിൽ റെയിൽവെയുടെ ഒരു കൊടി നൽകി. ഒന്ന് അയാളുടെ കയ്യിലും മറ്റൊന്ന് എന്റെ കയ്യിലും. റെയിൽവെ ജീവനക്കാരെ പോലെ ഞാനും അയാളോടൊപ്പം അങ്ങോട്ടുമിങ്ങോട്ടും ഉലാത്താൻ തുടങ്ങി. കുറച്ചാളുകളെ അവിടെ ഉണ്ടായിരുന്നുള്ളു. ബാക്കിയുള്ളവർ ഇരുമ്പു വേലിക്കപ്പുറവും. ഞാൻ കൊടി അവിടെ എറിഞ്ഞ് ഹദ്റത്ത് സാഹിബിരുന്ന ബോഗിയിലേക്ക് ഓടി.

ഹദ്റത്ത് സാഹിബ് പോക്കറ്റിൽ നിന്നും വാച്ച് എടുത്ത് നോക്കി കൊണ്ട് പറഞ്ഞു, ഇനിയും 10 മിനിറ്റ് ബാക്കിയുണ്ട്. ബൈഅത്ത് ചെയ്യേണ്ടവർക്ക് ചെയ്യാവുന്നതാണെന്ന് വിളംബരപ്പടുത്തുക. ബൈഅത്ത് എന്ന വാക്ക് ഹുസൂറിന്റെ നാവിൽ നിന്നും പുറപ്പെട്ടപ്പോൾ ഞാൻ ഹസൂർ ഇരിക്കുന്ന ബോഗിയുടെ സ്റ്റെപ്പിനടുത്ത് എത്തിയിരുന്നു. ഞാൻ മുന്നോട്ട് നീങ്ങി. ഒരു മൗലവി സാഹിബ് പുറത്ത് വന്ന് ബൈഅത്തിനായി വിളംബരം ചെയ്തു. അതിനായി പുറത്തേക്കിറങ്ങിയപ്പോൾ തന്നെ ഞാൻ ഒന്നു കൂടി തല മുന്നോട്ട് കുനിച്ചു. അപ്പോൾ ഹദ്റത്ത് സാഹിബ് എന്നിലേക്ക് ശ്രദ്ധിച്ച് കൊണ്ട് പറഞ്ഞു, ബൈഅത്ത് ചെയ്യാനാണോ? അതെ എന്ന് ഞാൻ ഉണർത്തി. അങ്ങിനെ ഹുസൂർ എന്റെ കയ്യ് സ്വന്തം പരിശുദ്ധ കൈകളിൽ എടുത്തു കൊണ്ട് ശഹാദത്ത് കലിമ ചൊല്ലിത്തന്നു. പിന്നീട് ശിർക്ക് ചെയ്യുന്നതല്ല, സത്യം മാത്രമേ പറയുകയുള്ളു എന്ന് തുടങ്ങിയ പല കാര്യങ്ങളും പറഞ്ഞു തന്നു. എനിക്കതെല്ലാം ഓർമയില്ല. ഹുസൂർ എന്റെ കയ്യ് സ്വന്തം കയ്യിൽ എടുത്തപ്പോൾ ഒരു മൗലവി സാഹിബ് ബൈഅത്തിനായുള്ള വിളംബരം നടത്തി. അപ്പോൾ സ്റ്റേഷന്റെ വരാന്തയിൽ നിന്നവരും ഇരുമ്പുവേലിക്കപ്പുറം നിന്നവരും എല്ലാം പാഞ്ഞടുത്തു. ഇരുമ്പു വേലി ചാടിക്കടന്ന് ഒരു നിമിഷം കൊണ്ട് ജനസാഗരമായി. ഹുസൂർ പറഞ്ഞു, ഇദ്ദേഹത്തിന്റെ കയ്യിൽ പിടിക്കുക. അതായത് അദ്ദേഹത്തിന്റെ കയ്യ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കൈകളിലായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, ബൈഅത്ത് ചെയ്യേണ്ടവർ ഇദ്ദേഹത്തിന്റെ കയ്യിൽ പിടിക്കുക. എന്നാൽ ആദ്യത്തെ നാലഞ്ച് പേർക്ക് മാത്രമേ എന്റെ കയ്യിലും കൈമുട്ടിലുമെല്ലാം പിടിക്കാൻ കഴിഞ്ഞുള്ളു. പിറകിലൊരു വൻ ജനാവലിയുണ്ടായിരുന്നു. ഹുസൂർ പറഞ്ഞു, ഇദ്ദേഹത്തിന്റെ ചുമലിൽ കൈവെക്കുക. എന്റെ കയ്യ് ഹദ്റത്ത് സാഹിബിന്റെ കൈകളിലായിരുന്നു. പുറകിൽ ചുമലിൽ കൈ വെച്ച് എവിടം വരെ ആളുകൾ ഉണ്ടായിരുന്നു എന്നെനിക്കറിയില്ല.

ഹദ്റത്ത് സാഹിബ് എന്റെ കയ്യിനെ ബലമായി പിടിച്ചിരിക്കുകയായിരുന്നു. കണ്ണ് മിക്കവാറും അടഞ്ഞിരിക്കുകയാ യിരുന്നു. ഹുസൂറിന്റെ തലപ്പാവ് മഞ്ഞു പോലെ വെളുത്തതായിരുന്നു. തലപ്പാവിന്റെ കീഴ്ഭാഗം തുറന്നതായിരുന്നില്ല. ഫിറൊനി തൊപ്പിയെപ്പോലെ എന്തോ ആയിരുന്നു. 15 ഓ 20 ഓ ഇഞ്ച് പുറത്തേക്ക് തലപ്പാവിനുള്ളിലൂടെ തൂങ്ങിക്കിടന്നിരുന്നു. അത് വളരെ മനോഹരമായിരുന്നു. ബൈഅത്തിനു ശേഷം ഹുസൂർ വാച്ച് എടുത്ത് നോക്കികൊണ്ട് പറഞ്ഞു, ഒരു മിനിറ്റ് ബാക്കിയുണ്ട്. അപകടമൊന്നും ഉണ്ടാകാതിരിക്കുവാൻ സുഹൃത്തുക്കളെ വണ്ടിയിൽ നിന്നും അകറ്റി നിർത്തേണ്ടതാണ്. ഇത് ഹദ്റത്ത് അഖ്ദസിന്റെ സ്വന്തം വാക്കുകളല്ല. സാരമിതാണ്. ജനങ്ങൾ വണ്ടിയിൽ നിന്നും അല്പം അകന്നു. എന്നാൽ ഞാൻ ജനലിന്റെ കമ്പിയിൽ തന്നെ പിടിച്ചിരുന്നു. വണ്ടി പതുക്കെ ചലിക്കാൻ തുടങ്ങി. ഞാൻ നിരാശ ദൃഷ്ടിയോടെ ഹദ്റത്തിനെ നോക്കിയപ്പോൾ അല്പം മുന്നോട്ട് കുനിഞ്ഞ് എന്റെ ചുമലിൽ തട്ടിക്കൊണ്ട് പറഞ്ഞു, ശരി അല്ലാഹു സംരക്ഷകനാണ്.

ഹുസൂർ അത്രയും പറഞ്ഞപ്പോൾ ഞാൻ സ്റ്റെപ്പിൽ നിന്നും താഴെയിറങ്ങി. എന്താണ് പറയുക, ഒരു പ്രത്യേക അവസ്ഥയും സ്ഥിതിയുമായിരുന്നു. ഇത്രയധികം ജനങ്ങളെ ഒരുമിച്ച് ഖിയാമത്ത് നാളിൽ കണ്ടാൽ കണ്ടു അത്ര തന്നെ! വൃക്ഷങ്ങളും നിലവുമെല്ലാം മനുഷ്യരെ കൊണ്ട് നിറഞ്ഞിരുന്നു. ബൈഅത്ത് സമയത്ത് പിതാവിന്റെ പ്രായം 52 വയസ്സായിരുന്നു.

ഹദ്റത്ത് മൗലാദത്ത് സാഹിബ് നിവേദനം ചെയ്യുന്നു, 1880ന് മുമ്പുള്ള സംഭവമാണ്. അന്ന് എന്റെ പ്രായം 10 ഓ 11 ഓ വയസ്സായിരിക്കും. ഞാനൊരു സ്വപ്നം കണ്ടു. വലിയൊരു ജനാവലി സന്നദ്ധരായി നീങ്ങുകയാണ്. അവരുടെ മുന്നിലുള്ള വ്യക്തിയും സർവ സന്നാഹനാണ്. തലയും കഴുത്തും

എല്ലാവരുടെയും നഗ്നരായാണ് കണ്ടത്. അരയിൽ അരപ്പട്ട യുമുണ്ട്. നേതാവാണെന്ന് തോന്നുന്ന ഏറ്റവും മുന്നിലുള്ള വ്യക്തി ഇങ്ങിനെ പറയുന്നുണ്ട്, **ഹഫ്ത്ത് സമീൻ ഹഫ്ത്ത് ആസ്മാൻ, അസ് പേശ് പൈദാനികനം.** പിറകുള്ളവർ ഇങ്ങിനെ ഏറ്റു പറയുന്നുണ്ട്, **പേശ് പൈദാ നികുനം പേശ് പൈദാ നികുനം.** പറയുന്നതിനോടൊപ്പം തന്നെ നിറ ഞ്ഞാടുകയും ചെയ്യുന്നുണ്ട്. സുദൃഢമായ ഒരു നാലുകെട്ടിനുള്ളിൽ പ്രവേശിക്കുന്നു. അതായത് ഏഴാകാശവും ഏഴ് ഭൂമിയും ഞാനാണ് സൃഷ്ടിക്കുന്നത്, ഞാൻ സ്വയമാണ് സൃഷ്ടിച്ചത് അല്ലെങ്കിൽ സൃഷ്ടിക്കുന്നത്. ഏതായാലും ഇതും പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും സൃഷ്ടിപ്പിനെയാണ് സൂചിപ്പിക്കുന്നത്. സ്വപ്നത്തിൽ ഇത് കാണിക്കപ്പെടുകയുണ്ടായി.

അടുത്ത രിവായത്തിൽ പറയുന്നു, എന്റെ വലിയ സഹോദരൻ അബ്ദുൽ ഹക്കീമിന് അന്നു മുതൽ പനിയായിരുന്നു. ജമാഅത്തിന്റെ കഠിന വിരോധിയായ ഒരു മൗലവിയായിരുന്നു ചികിൽസിച്ചിരുന്നത്. അയാളുടെ മൂത്ത സഹോദരൻ ശംസുദ്ദീൻ അഹ്മദിയായിരുന്നു. സക്കർ ശക്കർ എന്ന സ്ഥലത്തെ മോദദോദ നിവാസിയായിരുന്നു. വൈദ്യനായ ആ മൗലവി മസീഹ് മൗഊദ്(അ) നെ സംബന്ധിച്ച് കഠിനമായ വാക്കുകളുപയോഗിച്ചു. അതായത് നല്ല രീതിയിലല്ല പറഞ്ഞത്. ഞാൻ അപ്പോളവിടെ ഉണ്ടായിരുന്നില്ല. സഹോദരൻ രോഗിയുമായിരുന്നു. അദ്ദേഹം തന്റെ വെദ്യനെ തടയുകയുണ്ടായി. പിന്നീട് ഞാൻ പുറത്തു നിന്ന് വന്നപ്പോൾ ആ മൗലവി മടങ്ങിപ്പോയിരുന്നു. സഹോദരൻ വളരെ ഗൗരവത്തോടു കൂടി പറഞ്ഞു, ഞാൻ ഈ വൈദ്യനെ കൊണ്ട് ചികിൽസിപ്പിക്കുകയില്ല. ഇയാൾ ഹദ്റത്ത് സാഹിബിനെ അപമാനിച്ചു. ആ മൗലവി മാർഗമദ്ധ്യേ പ്ലേഗിനിരയായി.

പിന്നീട് ഞാൻ സഹോദരനെ ഭാവൻ നഗറിലേക്ക് കൊണ്ട് പോയി. അവിടെ രണ്ട് അസിസ്റ്റന്റ് സർജൻമാർ ചികിൽസിക്കാൻ തുടങ്ങി. എന്നാൽ അവസാനം അവരും പറഞ്ഞു, ഇനി രക്ഷയില്ല. ചികിൽസിച്ച് വെറുതെ പൈസ നശിപ്പിക്കണ്ട. കഠിനമായ പ്ലേഗ് പരന്നിരുന്നു. അസഭ്യം പറഞ്ഞ മൗലവി വഴിയിൽ തന്നെ പ്ലേഗിനിരയായി. അയാൾ ചികിൽസിച്ചിരുന്ന എന്റെ സഹോദരനും രോഗം മൂർദ്ധന്യാവസ്ഥയിലായിരുന്നു. ഭാവൽ നഗറിലെ ഡോക്ടർമാരും കയ്യൊഴിഞ്ഞു. പറയുന്നു, ഒരു വർഷത്തിനു ശേഷം ഞാൻ ഹദ്റത്ത് അഖ്ദസിൻ കത്തെഴുതി. ഹദ്റത്ത് മസീഹ് മൗഊദ് (അ) മറുപടിയായി എഴുതി, പരിഭ്രമിക്കേണ്ട, അല്ലാഹു മൃതരെ ജീവിപ്പിക്കുന്നവനാ ണ്. നാം ദുആ ചെയ്യുന്നതാണ്. നിങ്ങളും ദുആ ചെയ്യുക. ഇൻശാ അല്ലാഹ് ആരോഗ്യം വീണ്ടു കിട്ടുന്നതാണ്.

ഈ കത്തു കിട്ടിയതിന്റെ അടുത്ത ദിവസം തന്നെ സഹോദരന്റെ പനി വിട്ടകലുന്നതായാണ് ഞാൻ കണ്ടത്. ഞാൻ പറഞ്ഞു, ഇപ്പോൾ താങ്കൾക്ക് പനിയില്ല. ഞാൻ എഴുന്നേൽപ്പിച്ചിരുത്തി. അദ്ദേഹം ചാരി ഇരുന്നു. സഹോദരൻ പറഞ്ഞു, എന്റെ നെഞ്ച് എരിഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ നല്ല കുളിർമ അനുഭവപ്പെടുന്നുണ്ട്. ഞാൻ പറഞ്ഞു, ഞാൻ ഹുസൂറിന് കത്തയച്ചിരുന്നു. നാം ദുആ ചെയ്യുന്നതാണ്. അല്ലാഹു ശമനം നൽകുന്നതാണ് എന്ന മറുപടിയാണ് ഹദ്റത്ത് അഖ്ദസ് നൽകിയത്. അത് കേട്ടപ്പോൾ പഞ്ചാബിയിൽ പറഞ്ഞു, **ഓഹോ, ഹുൺ മേ നഹിം മർതാ. മസീഹ് നേ മുർദാ സിംദാ കീതാഹെ.** ( ഇനി ഞാൻ മരിക്കില്ല. മസീഹ് മൃതന് ജീവൻ നൽകിയിരിക്കുന്നു.) അതിനു ശേഷം അദ്ദേഹം അഹ്മദിയായി. അതായത് ബൈഅത്തു ചെയ്തു. പിന്നീട് ആരോഗ്യം വീണ്ടെടുക്കുകയും ചെയ്തു. അതിനു മുമ്പ് അഹ്മദിയായിരുന്നില്ലെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ് (അ) നെതിരിൽ ഒന്നും കേൾക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല.

ഹദ്റത്ത് സൂഫി നബി ബഖ്ശ് സാഹിബ് പറയുന്നു, ഹുസൂർ പള്ളിയിൽ വരികയും എന്റെ ദൃഷ്ടി ഹുസൂറിന്റെ മുഖത്ത് പതിയുകയും ചെയ്തപ്പോൾ ഞാൻ ഹുസൂറിനെ തിരിച്ചറിഞ്ഞു. പെട്ടെന്ന് വൈദ്യുതി കണക്കെ എന്റെ ഹൃദയത്തിൽ ഒരു തിരമാല ഉയർന്നു. ഈ പരിശുദ്ധ വ്യക്തിത്വത്തെയാണ് വിദ്യാഭ്യാസ കാലഘട്ടത്തിൽ അതായത് 1882 സെപ്തംബറിൽ ഞാൻ സ്വപ്നത്തിൽ ദർശിച്ചത്. സ്വപ്നത്തിൽ കണ്ട അതേ വസ്ത്രമായിരുന്നു ഹദ്റത്ത് സാഹിബ് ധരിച്ചിരുന്നത്.

മൗലാനാ ബദറുദ്ദീൻ സാഹിബിന്റെ മകൻ ഹദ്റത്ത് മൗലവി ഇമാമുദ്ദീൻ സാഹിബ് ഫൈസ് പറയുന്നു, സിൽസില ആലിയ അഹ്മദിയ്യായിൽ പ്രവേശിക്കുന്നതിനുള്ള പൂർണ്ണ മാർഗദർശനം സ്വപ്നത്തിലൂടെയാണ് ലഭിച്ചത്. പല തവണ സുന്നത്തായ ഇസ്തിഖാറ ചെയ്തതിന്റെ ഫലമായാണ് അത് ലഭിച്ചത്. ആദ്യമായി ഞാൻ ബട്ടാലയിലെ പൂർ സാഹിബിന്റെ അനുമതിയോടെ ഖാദിയാൻ സന്ദർശിക്കാനായി വന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) മായി കണ്ടു മുട്ടി. അന്നേരം ഞാൻ ചോദിച്ചു, പ്രവാചകന്മാരുടെ സവിശേഷത വഹ്യ് ആകുന്നു. താങ്കൾ എന്തിന്റെ അടിസ്ഥാനത്തിലാണ് വാദിക്കുന്നത്? മറുപടി പറഞ്ഞു. വഹ്യ് തേനീച്ചകൾക്കു പോലും ഉണ്ടാകുന്നു. സയ്യിദ് അബ്ദുൽ ഖാദറിനും ഹദ്റത്ത് മുജദ്ദിദ് അൽഫെ സാനി ശേഖ് അഹ്മദ് സിന്ദിയും പറഞ്ഞത് വഹ്യും ഇൽഹാമും ദൈവീകഭാഷണവും അല്ലാഹുവിന്റെ വലിയ്യ്മാർക്കും ഉണ്ടാകും എന്നാണ്. തർക്കിക്കാനല്ല വന്നിരിക്കുന്നതെന്ന് ഞാൻ പറഞ്ഞു. എനിക്ക് സൂഫിയാക്കളെ പോലെ സൽസ്വപ്നത്തിലൂടെയോ അല്ലെങ്കിൽ ഇൽഹാമിലൂടെയോ അല്ലെങ്കിൽ നബി (സ) യുടെ ദർശനത്തിലൂടെയോ മാത്രമെ താങ്കളുടെ സത്യതയിൽ ദൃഢവിശ്വാസം വരുകയുള്ളു. അതായത് ഞാൻ തർക്കിക്കാനൊന്നുമില്ല. സൽസ്വപ്നമുണ്ടായാലോ അല്ലെങ്കിൽ ഇൽഹാമുണ്ടായാലോ അല്ലെങ്കിൽ നബി (സ) യുടെ ദർശനം ഉണ്ടായാലൊ മാത്രമെ എനിക്ക് ദൃഢവിശ്വാസം വരുകയുള്ളു. താങ്കൾ അങ്ങിനെ ചെയ്ത് കാണിക്കുക. പറഞ്ഞു താങ്കൾ ഇസ്തിഖാറ ചെയ്യുക. ഞാൻ പറഞ്ഞു, ഏത് ഇസ്തിഖാറ? പറഞ്ഞു, നബി (സ) പറഞ്ഞതു പോലെയുള്ളത്. എന്റെ സത്യസാക്ഷ്യം അല്ലാഹുവിനോട് ചോദിക്കുക. ഞാൻ ചോദിച്ചു, എങ്ങിനെ? ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, ഇസ്തിഖാറ ചെയ്തുകൊണ്ട്. ഈ രണ്ട് കാര്യങ്ങളിലൂടെ എനിക്ക് ഈ വ്യക്തി വഞ്ചകനല്ല എന്ന് ബോധ്യമായി. നാല് മാസം ഇസ്തിഖാറ ചെയ്തു. അതിനു ശേഷം ഞാനൊരു സ്വപ്നം കണ്ടു. മസ്ജിദ് മുബാറക്ക് പോലുള്ള ഒരു പള്ളിയിൽ ഞാൻ വന്നിരിക്കുകയാണ്. ഹദ്റത്ത് സാഹിബ് സുബ്ഹി നമസ്കരിച്ച് മുറ്റത്ത് വളരെയധികം പരിശുദ്ധ പ്രകാശിത രൂപത്തിൽ വന്നിരുന്നു. ഞാൻ പറഞ്ഞു, ഞാൻ താങ്കളുടെ വാദത്തിന്റെ സത്യത അന്വേഷി

ക്കുന്നവനാണ്. എങ്ങിനെയാണ് താങ്കളുടെ വാദം സത്യമാകുക എന്ന് ചോദിക്കാൻ ആഗ്രഹിക്കുന്നു. പറയുന്നു, അങ്ങയിൽ നിന്നും ഒരു ഉയർന്ന ശബ്ദം വന്നു. അത് പഞ്ചാബിയിൽ ആയിരുന്നു. **ജിസെ ഔനാസി വേ തെ ആഗയാ.** പറയുന്നു, ഈ ശബ്ദം എന്റെ ഹൃദയത്തിൽ പ്രവേശിച്ചു. ആഗതനാകേണ്ട മസീഹ് മൗഊദും മഹ്ദി മൗഊദും ഇതേ വ്യക്തി മിർസാ സാഹിബ് തന്നെയാണെന്ന ദൃഢവിശ്വാസം കൈവന്നു.

ഇസ്തിഖാറയുടെ സമയത്ത് ധാരാളം ദുആകൾ എളിമയോടും വണക്കത്തോടും ചെയ്തിരുന്നു. അല്ലാഹുവിനോട് ഇങ്ങിനെയും അപേക്ഷിച്ചിരുന്നു, അല്ലാഹുവേ, എനിക്ക് വ്യക്തമായി മനസ്സിലായില്ലെങ്കിൽ, ഖിയാമത്ത് നാളിൽ എന്നോട് ചോദിക്കുമ്പോൾ ഈസാ മഹ്ദി ഇതു തന്നെയാണെങ്കിൽ എനിക്ക് അറിയിച്ച് തരിക എന്ന് ഞാൻ ലോകത്ത് വളരെ വിനയാന്വിതനായി ദുആ ചെയ്തിരുന്നു. നീയെന്തു കൊണ്ട് പറഞ്ഞു തന്നില്ല എന്ന് പറയുന്നതാണ്. പിന്നീട് ഞാൻ ഹദ്റത്ത് സാഹിബുമായി കത്തിടപാടുകൾ തുടങ്ങി. മറുപടിയായി അധികവും മനസ്സിരുത്തി നമസ്കരിക്കുന്നതിനുള്ള നിർദ്ദേശമാണ് ലഭിച്ചിരുന്നത്. അതായത് വളരെ ഭയഭക്തിയോടെ നമസ്കരിക്കുക. അധികവും മസീഹ് മൗഊദ് (അ) ഈ നിർദേശമാണ് നൽകിയിരുന്നത്. എതിരാളികൾ ഉന്നയിക്കുന്ന എല്ലാ ആരോപണങ്ങൾക്കും മൗലവി അബ്ദുൽ കരീം സാഹിബ് (റ) എഴുതുമായിരുന്നു. ഞാൻ പറഞ്ഞു, ഞാൻ ബയ്അത്ത് നേരത്തേ ഹദ്റത്ത് ഖാജാ ശംസുദ്ദീൻ സിയാൽ ശരീഫ് മർഹൂമിന് ചിശ്തി ത്വരീഖിൽ ചെയ്തിരുന്നു. പിന്നീട് എന്റെ ഗുരുവും സഹവാസവും അദ്ദേഹത്തിന്റെ ശിഷ്യൻ മുജാസ് ഖലീപ സയ്യിദ് ഹൈദർ ശാഹ് സാഹിബ് മർഹൂമും, ഖാദരിയ്യ ത്വരീഖിൽ ഗുരു പീർ സഹൂർ ഹുസൈൻ സാഹിബ് മർഹൂം ബട്ടാലയുമാകുന്നു. ഇനി ബയ്അത്ത് അനിവാര്യമാണോ? ആ മഹാത്മാവ് പറഞ്ഞു, ആ ബയ്അത്ത് വേറെയാണ്. ഇപ്പോൾ ചെയ്യുന്ന ഈ ബൈഅത്താണ് അനിവാര്യമായത്. അങ്ങിനെ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കയ്യിൽ ബൈഅത്ത് ചെയ്തു.

ചില രിവായത്തുകളാണ് ഞാനിപ്പോൾ പരാമർശിച്ചത്. ഇനി ചില മർഹൂമീംകളെ ഞാൻ സ്മരിക്കുന്നതാണ്. ഒന്നാമത്തേത് ബഹുമാന്യ ഫള്ലുർ റഹ്മാൻ സാഹിബാണ്. അദ്ദേഹം റാവൽപിണ്ഡി ജില്ലാ അമീറായിരുന്നു. 2012 ഒക്ടോബർ 29ന് അല്പകാല അസുഖത്തിന് ശേഷം 83-ാം വയസ്സിൽ വഫാത്തായി ഇന്നാലില്ലാഹി വഇ ന്നാ ഇലൈഹി റാജിഊൻ. ഈ ദിവസങ്ങളിൽ അദ്ദേഹം ഇവിടെയുണ്ടായിരുന്നു. ജൽസയ്ക്ക് വന്നതായിരുന്നു. അതിനു ശേഷം കുറച്ച് കാലം തങ്ങുന്നതിന്നായി ഞാനദ്ദേഹത്തോട് പറയുകയുണ്ടായി. നീണ്ടകാലമായി രോഗിയായിരുന്നു. എന്നാൽ മാശാഅല്ലാഹ് നല്ല ഉണർവ്വുണ്ടായിരുന്നു. വളരെ ധൈര്യത്തോടു കൂടി അമീറിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റി.

ഇദ്ദേഹം മൗലവി അബ്ദുൽ ഗഫൂർ സാഹിബിന്റെ മകനായിരുന്നു. രണ്ടാം ഖിലാഫത്ത് കാലത്താണ് അദ്ദേഹം ബൈഅത്ത് ചെയ്തത്. എന്നാൽ ഫള്ലു റഹ്മാൻ സാഹിബ് ജന്മനാ അഹ്മദിയായിരുന്നു. പ്രാരംഭ വിദ്യാഭ്യാസം അദ്ദേഹം ബാറാ ചിനാറിൽ നിന്നും കരസ്ഥമാക്കി. മിഡിലും മെട്രിക്കും ബഹുമതികളോടെ പാസ്സായി. 1948 ൽ ഇസ്ലാമിയ കോളേജ് പിശാവറിൽ പ്രവേശനം നേടി. 85% നേടി എഫ്.എസ്.സി പാസ്സായി. തുടർന്ന് പഞ്ചാബ് കോളേജ് ഓഫ് എഞ്ചിനീയറിങ്ങ് ടെക്നോളൊജി ലാഹോറിൽ പ്രവേശനം നേടി. 1953 54 ൽ ബി.എസ്സ്,സി മെക്കാനിക്കൽ എഞ്ചിനീയറിങ്ങും സിവിൽ എഞ്ചിനീറിങ്ങും പാസ്സായി. വിവിധ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലെ പല ഉന്നത വകുപ്പുകളിലും അദ്ദേഹം ഉപവിഷ്ഠനായിരുന്നു. എഞ്ചിനീയറിങ്ങ് കോളേജിൽ വിദ്യാർത്ഥിയായിരുന്ന കാലത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) അദ്ദേഹത്തെ അഹ്മദിയ്യ ഇന്റർ കോളേജ് അസോസിയേഷന്റെ പ്രസിഡന്റായി നിയമിച്ചിരുന്നു. ഒരിക്കൽ അവിടെ അനഹ്മദി വിദ്യാർത്ഥികളുമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ ഒരു മീറ്റിങ്ങ് അദ്ദേഹം സംഘടിപ്പിച്ചു. അതിനുശേഷം അതിന്റെ അറിയിപ്പ് നൽകിയപ്പോൾ ഖലീഫത്തുൽ മസീഹ് സാനി പറഞ്ഞു, എനിക്ക് വളരെ തിരക്കാണ്. അപ്പോൾ അദ്ദേഹം പറഞ്ഞു, ഞാൻ വിളംബരപ്പെടുത്തി കഴിഞ്ഞു. ഖലീഫ ത്തുൽ മസീഹ് സാനി(റ) പറഞ്ഞു, എന്നാൽ ശരി, ഞാൻ ലാഹോറിൽ വരുന്നതാണ്. താങ്കൾ സംവിധാനങ്ങൾ ഒരുക്കിക്കൊള്ളുക. അദ്ദേഹം വേണ്ട ഒരുക്കങ്ങൾ ചെയ്തു. ലാഹോർ അമീർ സാഹിബിന് പോലും ഖലീ ഫത്തുൽ മസീഹ് സാനി ലാഹോറിൽ വരുന്നു എന്ന വിവരം പിന്നീടാണ് ലഭിക്കുന്നത്.

ചുരുക്കത്തിൽ അദ്ദേഹം അക്കാലം മുതൽക്കു തന്നെ ജമാഅത്തി പ്രവർത്തനങ്ങളിൽ നിരതനായിരുന്നു. ജോലി സംബന്ധമായി കുറച്ച് കാലം ഹൈദരാബാദിലും തങ്ങിയിരുന്നു. ഖലീഫത്തുൽ മസീഹ് സാലിസിന്റെ കാലത്ത് ഖാഇദ് ഇലാഖ ഖുദ്ദാമുൽ അഹ്മദിയ്യയായും പിന്നീട് ഹൈദരാബാദ് ജില്ലാ ഖാളിയായും സേവനമനുഷ്ടിച്ചിരുന്നു. കൂടാതെ സദ്ർ ഹൽഖയായും സെക്രട്ടറി ഇസ്ലാഹ് ഇർശാദായും ജില്ലാ നാഇബ് അമീറായും സംവനമനുഷ്ടിച്ചു. 1998 ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് അദ്ദേഹത്തെ റാവൽ പിണ്ഡി ജില്ലാ അമീറായി നിയമിച്ചു.

ഖിലാഫത്തിനോടും ജമാഅത്ത് വ്യവസ്ഥിതിയോടും അതിയായ സ്നേഹമായിരുന്നു. എല്ലാ സദസ്സുകളിലും സംഭാഷണ വിഷയം ജമാഅത്തിലെ സംഭവങ്ങളും, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബാക്കളുടെ ജീവിതവും സാഭവങ്ങളും, അഹ്മദിയ്യത്തിന്റെ ഖലീഫമാരും ആയിരുന്നു. എപ്പോഴും ഖിലാഫത്തുമായി അനുസരണം പുലർത്തിക്കൊണ്ടിരിക്കുന്നതിനും കാലത്തിന്റെ ഖലീഫയുമായി സുദൃഢ ബന്ധം സ്ഥാപിക്കുന്നതിനും സ്വന്തം മക്കളെ താക്കീത് ചെയ്തു കൊണ്ടിരിക്കുമായിരുന്നു. വളരെയധികം ദുആ ചെയ്യുന്ന വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ കുട്ടികൾ പറയുന്നു, നിത്യവും രാവിലെ വീട്ടിൽ നിന്ന് പുറപ്പെടുന്നതിനു മുമ്പായി എല്ലാവരെയും വിളിച്ചിരുത്തി ദുആ ചെയ്യിപ്പിക്കുമായിരുന്നു. ആരംഭം മുതൽ തന്നെ ഈ രീതിയായിരുന്നു. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി ആശുപത്രിയിലായിരുന്നു. അവിടെയും ബോധം തെളിയുമ്പോൾ കയ്യുയർത്തി ദുആ ചെയ്യാനാണ് കുട്ടികളോട് പറഞ്ഞിരുന്നത്.

അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളിൽ ഭാര്യയെ കൂടാതെ 2 പെൺമക്കളും 4 ആൺമക്കളുമാണുള്ളത്. എല്ലാവരും വിദേശത്താണ്. അദ്ദേഹത്തിന്റെ മൂത്ത സഹോദരി വഫാത്തായപ്പോൾ അവരുടെ ചെറിയ കുട്ടികളെ അദ്ദേഹമാണ് പരിപാ

ലിച്ചത്. അവരുടെ പെൺകുട്ടികളിൽ ഒരാൾക്ക് രണ്ട് പ്രാവശ്യം ആപത്ത് നേരിട്ടപ്പോൾ അദ്ദേഹം അവരെ നല്ല പോലെ ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ സഹോദര പുത്രിയുടെ ആദ്യ വിവാഹം സാങ്കടിലാണ് നടന്നത്. അവിടെ അവരുടെ ഭർത്താവ് ശഹീദാക്കപ്പെട്ടു. പിന്നീട് രണ്ടാമത് അദ്ദേഹത്തിന്റെ സഹോദരൻ പീർ ഹബീബ് സാഹിബുമായി വിവാഹം നടന്നു. അദ്ദേഹത്തെയും കുറച്ചു കാലത്തിനു ശേഷം ശഹീദാക്കുകയുണ്ടായി. അങ്ങിനെ അദ്ദേഹത്തിന്റെ സഹോദര പുത്രിക്ക് രണ്ടു പ്രാവശ്യം വിധവയാകേണ്ടി വന്നു. രണ്ടു പ്രാവശ്യവും ശഹീദുകളുടെ വിധവയാണായത്.

അദ്ദേഹത്തെ സംബന്ധിച്ച് നിയുക്ത അമീർ സാഹിബ് റാവൽപിണ്ഡി മുബാറക് അഹ്മദ് സാഹിബ് പറയുന്നു, ജമാഅത്തിലെ ഓരോ അംഗങ്ങളും ചെറിയവരോ വലിയവരോ പുരുഷനോ സ്ത്രീയെ എല്ലാവരും തന്നെ അദ്ദേഹത്തിന്റെ വാൽസല്യത്തിൽ നിന്നും അനുഗ്രഹം കരസ്ഥമാക്കിയവരായിരുന്നു. അല്ലാഹു അദ്ദേഹത്തിന് ധാരാളം നേതൃത്വപാടവങ്ങൾ നൽകി അനുഗ്രഹിച്ചിരുന്നു. ഇതേ ദൈവീക കഴിവുകളുടെ ഫലമായിട്ടാണ് നവംബർ 1998 ൽ തുടങ്ങിയ അദ്ദേഹത്തിന്റെ ഇമാറത്തിന്റെ കാലഘട്ടത്തിൽ റാവൽ പിണ്ഡി ജമാഅത്ത് അംഗസംഖ്യയുടെയും സമ്പത്തിന്റെയും കാര്യത്തിൽ ഉന്നതമായ പുരോഗതി കൈവരിച്ച് കൊണ്ട് രാജ്യത്തെ മികച്ച ജമാഅത്തുകളിൽ സ്ഥാനം പിടിച്ചത്.

മൊത്തത്തിൽ അദ്ദേഹത്തിന്റെ ജമാഅത്തി സേവന കാലഘട്ടം 50 വർഷത്തോളമാണ്. രണ്ടാം ഖിലാഫത്ത് കാലം മുതലാണ് അത് ആരംഭിക്കുന്നത്. വിവിധ കേന്ദ്ര കമ്മിറ്റികളുടെ മെമ്പറായിരുന്നു. അദ്ദേഹം അമീറായിരുന്ന കാലത്താണ് റാവൽ പിണ്ഡിയുടെ അഹ്മദിയ്യാ ചരിത്രം ക്രോഡീകരിച്ചതും പ്രസിദ്ധപ്പെടു ത്തിയതും. അതിന്നായി വാർദ്ധക്യവും രോഗവും അവഗണിച്ചുകൊണ്ട് ദിവസങ്ങളോളം നിരന്തരമായി ഇരുന്നു കൊണ്ട് ഓരോ രേഖകളെയും പ്രത്യേകം പ്രത്യേകം വായിച്ചു നോക്കുകയും കേൾക്കുകയും ചെയ്തിട്ടാണ് അനുമതി നൽകിയത്. അതുപോലെ ഖിലാഫത്ത് ശതവാർഷിക ജൂബിലിയുടെ അവസരത്തിൽ റാവൽ പിണ്ഡി ജമാഅത്തിന് മനോഹരവും വ്യതിരിക്തവുമായ ഒരു ഖിലാഫത്ത് ജൂബിലി സോവനീർ പ്രസിദ്ധീകരിക്കാനുള്ള തൗഫീഖും ലഭിച്ചിരുന്നു. അതിന്റെ മുഴുവൻ ക്രെഡിറ്റും അദ്ദേഹത്തിനാണ്. അദ്ദേഹം സുപ്രധാനമായ ഈ ജോലിയിൽ വളരെ ഉൽസാഹം കാണിച്ചു കൊണ്ട് ലേഖനമെഴുതുന്നവർക്ക് വ്യക്തിപരമായി ഫോൺ ചെയ്ത് ലേഖനമെഴുതിച്ചു.

ഞാൻ പറഞ്ഞതുപോലെ 1998 ൽ ഖലീഫത്തുൽ മസീഹ് റാബിഅ് അദ്ദേഹത്തെ റാവൽപിണ്ഡി ജമാഅത്തിന്റെ അമീറായി നിയമിച്ചു. അതിനു മുമ്പ് അദ്ദേഹം ഏകദേശം നാലര വർഷത്തോളം നാഇബ് അമീറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അമീറിനെ നിയമിച്ച സമയത്ത് ഞാൻ നാസിർ അഅ്ല ആയിരുന്നു. അദ്ദേഹം ഖലീഫത്തുൽ മസീഹ് റാബിഅ്നോടൊപ്പം ഖാഇദ് ഖുദ്ദാമുൽ അഹ്മദിയ്യയായി പ്രവർത്തിച്ചിട്ടുണ്ടെന്ന് എനിക്കറിയാമായിരുന്നു. അന്ന് ഖലീഫത്തുൽ മസാഹ് റാബിഅ് സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യ ആയിരുന്നു. ഖലീഫത്തുൽ മസീഹ് റാബിഅ് ജില്ലാ അമീറിനായി പേര് നിർദേശിക്കാനായി പറഞ്ഞപ്പോൾ കൂടുതൽ പേരുകൾ എന്റെ മുന്നിലുണ്ടായിരുന്നില്ല. ഇദ്ദേഹത്തിന്റെ പേര് മാത്രമാണ് ഞാനയച്ചത്. അതിന് ഉടൻ തന്നെ ഖലീഫത്തുൽ മസീഹ് റാബിഅ് അംഗീകാരം നൽകിയതിനോടൊപ്പം തന്നെ അദ്ദേഹത്തെ എനിക്കറിയാം, അദ്ദേഹം നന്നായി പ്രവർത്തിക്കുന്ന വ്യക്തിയാണ്, സംഘടനാസലത്തിലും മറ്റും. വളരെ ആത്മാർത്ഥതയും കൂറുമുള്ള വ്യക്തിയുമാണ്, ഇൻശാ അല്ലാഹ് അദ്ദേഹം പ്രവർത്തിക്കുന്നതാണ് എന്ന് പറയുകയും ചെയ്തു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആ ജോലി അദ്ദേഹം നല്ല പോലെ നിറവേറ്റി. ജീവിതത്തിന്റെ അവസാനനാൾ വരെ ഏൽപ്പിക്കപ്പെട്ട ചുമതലകളെ ഭംഗിയായി നിറവേറ്റി. ഖിലാഫത്തിന്റെ അനുസാരിയും ജീവൻ ത്യജിക്കാൻ സന്നദ്ധനായ വ്യക്തിയുമായിരുന്നു. നിർദേശങ്ങൾക്കനുസൃതമായി മുന്നോട്ട് ചലിക്കാൻ അറിയുന്ന വ്യക്തിയുമായിരുന്നു. അതിനെ സൗഭാഗമായിട്ടായിരുന്നു അദ്ദേഹം കരുതിയിരുന്നതും. ജമാഅത്തികാര്യങ്ങളിൽ മാത്രമല്ല വ്യക്തിപരമായ കാര്യങ്ങളിലും ഞാനത് കണ്ടിട്ടുണ്ട്. ജൽസയ്ക്കായി വന്നപ്പോൾ കുറച്ചു ദിവസം ഇവിടെ തങ്ങുക എന്ന് ഞാനദ്ദേഹത്തോട് പറഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ ഭാര്യയുടെ മുഖത്ത് നിന്നും അവർ തങ്ങാൻ ആഗ്രഹിക്കുന്നില്ലെന്ന കാര്യം ഞാൻ മനസ്സിലാക്കി. എന്നാൽ അദ്ദേഹം വളരെ പ്രസന്നഭാവത്തോടു കൂടി പറഞ്ഞു, താങ്കൾ നിർദേശിക്കുന്നതു വരെ ഇൻശാ അല്ലാഹ് ഞങ്ങൾ തങ്ങുന്നതാണ്. ഒരു പക്ഷെ അദ്ദേഹത്തിന്റെ വഫാത്ത് ഇവിടെ ആകുകയും ഞാൻ ജനാസ നമസ്കരിപ്പിക്കുകയും ചെയ്യണമായിരുന്നു. ഇൻശാ അല്ലാഹ് ഞാൻ ജമാസ നമസ്കരിപ്പിക്കുന്നതാണ്. അത് കൊണ്ട് അല്ലാഹു ഇങ്ങിനെയൊരു സംവിധാനമൊരുക്കി.

ഡോക്ടർ നൂരി സാഹിബുമായി അദ്ദേഹത്തിന് നല്ല ബന്ധമുണ്ടായിരുന്നു. അദ്ദേഹം എഴുതുന്നു, അദ്ദേഹവുമായുള്ള എന്റെ ബന്ധം വിവിധ നിലകളിലായിരുന്നു. അടുത്ത മിത്രവുമായിരുന്നു. ഡോക്ടർ സാഹിബ് അദ്ദേഹത്തിന്റെ നാഇബ് അമീറായും പ്രവർത്തിച്ചിട്ടുണ്ട്. ഡോക്ടറെന്ന നിലയിലും അദ്ദേഹത്തിന്റെ ഡോക്ടറായിരുന്നു. പറയുന്നു, എല്ലാ നിലകളിലും ഞാനദ്ദേഹത്തെ കണ്ടിട്ടുണ്ട്. വളരെ നന്മകളുള്ള വ്യക്തിയായിരുന്നു. അല്ലാഹുവിനോട് വളരെ ഭയവും, എല്ലാ അവസ്ഥയിലും അവനിൽ തന്നെ ഭരമേൽപ്പിക്കുന്ന വ്യക്തിയുമായ വ്യക്തിയുമായിരുന്നു. ഖിലാഫത്തുമായി അദ്ദേഹത്തിന് പരിപൂർണ്ണ അനുസരണത്തിന്റെയും കൂറിന്റെയും ആത്മാർത്ഥതയുടെയും ബന്ധമായിരുന്നു. കാലത്തിന്റെ ഖലീഫയുടെ പരാമർശമുണ്ടാകുമ്പോഴെല്ലാം തന്നെ അദ്ദേഹത്തിന്റെ ശബ്ദം വിറകൊള്ളുകയും കണ്ണുനീർ പൊഴിക്കുകയും ചെയ്യുമായിരുന്നു.

ജമാഅത്തിന്റെ സേവനം മാത്രമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അദ്ദേഹത്തിന് ധാരാളം രോഗങ്ങളുണ്ടായിരുന്നു. വീൽചെയർ ഉപയോഗിച്ചിരുന്നിട്ടും ദീനീസേവനത്തിനായി ധാരാളം പ്രയത്നിക്കുമായിരുന്നു. അവസാന രണ്ട് മൂന്ന് വർഷം വീൽചെയറിലായിരുന്നു. ഒരിക്കലും പരാതിപ്പെടുകയോ നെറ്റി ചുളിക്കുകയോ ചെയ്തിട്ടില്ല. നിർധനരെയും ആവശ്യക്കാരെയും അനാഥരെയും വിധവകളെയും അർഹരായ വിദ്യാർത്ഥികളെയും വളരെ ശ്രദ്ധിച്ചിരുന്നു. പ്രിയപ്പെട്ട കുടുംബക്കാരെയും വിവധ ബുദ്ധിമുട്ടുകളിൽ അകപ്പെട്ടവരെയും സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന കുടും

ബക്കാരെയും അദ്ദേഹം സഹായിക്കുകയും വേണ്ട മാർഗ നിർദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.

ഖാഇദ് ഖുദ്ദാമുൽ അഹ്മദിയ്യ റാവൽപിണ്ഡി എഴുതുന്നു, ബഹുമാന്യ അമീർ സാഹിബ് വ്യതിരിക്ത വ്യക്തിത്വത്തിന് ഉടമയായിരുന്നു. വളരെയധികം സൗഹൃദമനോഭാവമുള്ള വ്യക്തിയും, ദരിദ്രരെ സഹായിക്കുകയും, എപ്പോഴും വിധിയിൽ തൃപ്തിപ്പെടുന്ന പ്രകൃതക്കാരനും ആയിരുന്നു. ഖിലാഫത്തിനോട് ഹൃദയാനുരാഗം പുലർത്തുന്ന വ്യക്തിയും സഹനശീലനും നന്ദി പ്രകടിപ്പിക്കുന്ന സ്വഭാവക്കാരനുമായിരുന്നു. ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നൽകുന്നതിന്റെ യഥാർത്ഥ പ്രതിരൂപമായിരുന്നു. പറയുന്നു, എനിക്ക് അമീർ സാഹിബുമായി വളരെ അടുത്ത് കഴിയുന്നതിനുള്ള അവസരം ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വാൽസല്യവും സ്നേഹവും പിതാവിനേക്കാൾ വലുതായിരുന്നു. ഈയൊരു നിലപാടാണ് എല്ലാ അമീർമാർക്കും സദ്ർമാർക്കും ഖുദ്ദാമുൽ അഹ്മദിയ്യായുടെ സംവിധാനമായും മറ്റ് വ്യവസ്ഥിതികളുമായും യുവാക്കളുമായും ഓരോ ഖാഇദുമായും ഉണ്ടാകേണ്ടത്. അതു പോലെ എല്ലാ ഖാഇദുമാരും പ്രസിഡന്റ്മാരും ശ്രദ്ധിക്കേണ്ടതാണ്.

അദ്ദേഹം എഴുതുന്നു, വിനീതന് കഴിവിന്റെ പരമാവധി ഒരു മകനെ പോലെ അദ്ദേഹത്തിന്റെ തണലിൽ ജമാഅത്തിന് സേവനം ചെയ്യുന്നതിനുള്ള തൗഫീഖ് ലഭിച്ചു. വിവരിക്കപ്പെടുന്ന അദ്ദേഹത്തിന്റെ ഈ നന്മകളിലൊന്നും യാതൊരു അതിശയോക്തിയുമില്ല. മറിച്ച്, എന്തെങ്കിലും കുറവ് ഉണ്ടായിട്ടുണ്ടാകാം. ഖാഇദ് സാഹിബ് എഴുതുന്നു, അല്ലാഹു അമീർ സാഹിബിന് മഹത്തായ നേതൃത്വ പാടവം നൽകി അനുഗ്രഹിച്ചിരുന്നു. എല്ലാ ജോലിക്കാരിൽ നിന്നും അവരുടെ കഴിവും പ്രാപ്തിയും അനുസരിച്ച് ജോലി ചെയ്യിക്കാനുള്ള പാടവം ഉണ്ടായിരുന്നു. എല്ലാ ഭാരവാഹികളും മറിച്ച്, എല്ലാ അംഗങ്ങളും അദ്ദേഹത്തിന്റെ എല്ലാ കല്പനകളെയും നിർദ്ദേശങ്ങളെയും പ്രാവർത്തികമാക്കിക്കൊണ്ട് നിർവൃതി അടയുകയും അതൊരു ബഹുമതിയായി ധരിക്കുകയും ചെയ്തിരുന്നു.

ഖുദ്ദാമുൽ അഹ്മദിയ്യായോടുള്ള അദ്ദേഹത്തിന്റെ വാൽസല്യം ഒരു പിതാവിനെക്കാൾ വലുതായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യ റാവൽപിണ്ഡി കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കരസ്ഥമാക്കിയ വിസ്മയകരമായ പുരോഗതിയിൽ ബഹുമാനപ്പെട്ട അമീർ സാഹിബിന്റെ പങ്ക് വലുതാണെന്ന് പറയുന്നതിൽ വിനീതന് യാതൊരു സങ്കോചവുമില്ല. പിന്നീട് എഴുതുന്നു, ജമാഅത്തംഗങ്ങളെ സ്നേഹിക്കുകയും അവരുടെ പ്രയാസങ്ങൾ വളരെ ശ്രദ്ധിക്കുകയും ചെയ്തിരുന്നു.

മെയ് 28 നു ശേഷം അമീർ സാഹിബ് ഖുദ്ദാമുൽ അഹ്മദിയ്യാ റാവൽപിണ്ഡിയുടെ ചുമലിൽ ധാരാളം ജോലികൾ ഏൽപ്പിച്ചിരുന്നു. അതിൽ നിർമാണ പ്രവർത്തനങ്ങളും സുരക്ഷാ പ്രവർത്തനങ്ങളും ഉൾപ്പെട്ടിരുന്നു. ഇക്കാര്യങ്ങളിൽ ധാരാളം ചിലവുകളും ഉണ്ടായിരുന്നു. എന്നാൽ ഒരിക്കലും തന്നെ അമീർ സാഹിബ് അതിൽ ആശങ്ക പ്രകടിപ്പിച്ചിരുന്നില്ല. ഒരവസരത്തിൽ റാവൽപിണ്ഡിയിലെ ഒരഹ്മദി പറഞ്ഞു, അമീർ സാഹിബ് ധാരാളം പൈസ ചിലവാകുന്നുണ്ട്. അ പ്പോൾ അമീർ സാഹിബ് പറഞ്ഞു, ഒരഹ്മദിയുടെ ജീവന് മുന്നിൽ ലക്ഷക്കണ ക്കിന് രൂപയ്ക്ക് യാതൊരു വിലയുമില്ല. ഏതെങ്കിലും ഒരഹ്മദിയുടെ ജീവൻ ഹനിക്കപ്പെടുകയാണെങ്കിൽ കാലത്തിന്റെ ഖലീഫയോട് എന്ത് മറുപടിയാണ് പറയുക. ഏതാനും ലക്ഷം രൂപയ്ക്കു വേണ്ടി ഞങ്ങൾ ഈ സംവിധാനം ചെയ്തില്ല എന്നാണോ പറയുക?

റാവൽപിണ്ഡിയിലെ അവസ്ഥ മോശമായതിന് ശേഷം ഹൽഖകളായി ജുമുഅ നമസ്കരിക്കാൻ തുടങ്ങിയപ്പോൾ – അവിടെ പള്ളിയിൽ ജുമുഅ നമസ്കരിക്കുന്നതിനുള്ള അനുമതിയില്ല, അതിനാൽ വിവധ ഹൽഖകളായിട്ടാണ് നമസ്കരിക്കുന്നത്. പിണ്ഡി നഗരത്തിലും വളരെ പ്രശ്നങ്ങളുണ്ട്. അല്ലാഹു അനുഗ്രഹിക്കട്ടെ. അവിടുത്തെ അവസ്ഥ ശരിയാകുന്നതിന് വേണ്ടിയും ദുആ ചെയ്യുക.

പറയുന്നു, ആ അവസ്ഥയിൽ ജമാഅത്തുമായി ബന്ധപ്പെടാൻ കഴിയുന്നില്ലെന്ന ചിന്ത അദ്ദേഹത്തെ അലട്ടിയിരുന്നു. ഒരു സ്ഥലത്ത് ഒരുമിച്ച് കൂടുകയാണെ ങ്കിൽ അവർക്ക് നിർദേശം നൽകുന്നതിനും അവരുടെ കാര്യങ്ങൾ കേൾക്കുന്നതിനുമുള്ള അവസരം ലഭിക്കുമായിരുന്നു. എന്നാൽ അവിടെ ഓഫീസിൽ ഇരിക്കുന്നതിനുള്ള അനുമതി പോലും ഉണ്ടായിരുന്നില്ല. അടച്ച് മുദ്രവെ ച്ചിരുന്നു.

പറയുന്നു, ഏതെങ്കിലും ഹൽഖയിൽ സംവിധാനം ഒരുക്കാനും ജുമുആക്കായി തന്നെ അവിടെ എത്തിക്കാനും വിനീതനോട് നിർദേശിച്ചിരുന്നു. ഒരു സ്ഥലത്ത് ഒരുമിച്ച് കൂടാൻ കഴിയാത്തത് കൊണ്ട് അമീർ എന്ന നിലയിൽ വിവിധ സ്ഥലങ്ങളിൽ പോകുകയും ആളുകളുമായി ബന്ധം സ്ഥാപിക്കുകയും ചെയ്തിരുന്നു. പറയുന്നു, എന്നാൽ പടികൾ കയറേണ്ടി വരുന്ന സ്ഥലത്ത് കൊണ്ടു പോകാതിരിക്കാൻ ഞാൻ ശ്രദ്ധിച്ചിരുന്നു. കാരണം അദ്ദേഹത്തിന്റെ കാൽമുട്ടിന് ബുദ്ധിമുട്ടുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം സ്വയം പറഞ്ഞു, ബൈത്തുൽ ഹംദ് മരീ റോഡിൽ പോകാം. ഖാഇദ് സാഹിബ് പറയുന്നു, അപ്പോൾ ഞാൻ പറഞ്ഞു, അമീർ സാഹിബ് അവിടെ ധാരാളം പടി കയറേണ്ടി വരും. താങ്കൾക്ക് ബുദ്ധിമുട്ടാകും. എന്നാൽ അമീർ സാഹിബ് പറഞ്ഞു, ഒന്നും സംഭവിക്കുകയില്ല. സുഹൃത്തുകളുമായി കണ്ടിട്ട് കുറെ കാലമായി. കേന്ദ്ര ഭാരവാഹികളെ നല്ലപോലെ ആദരിച്ചിരുന്നു. ഇതും എപ്പോഴും ഓർമയിൽ വെക്കേണ്ടതാണ്. കേന്ദ്ര ഭാരവാഹികളെ എപ്പോഴും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണ്. അവർ അവശ്യപ്പെടുന്നില്ലെങ്കിൽ പോലും. ഒരു കേന്ദ്രഭാരവാഹിയുടെ മനസ്സിൽ എനിക്ക് ബഹുമാനവും ആദരവും ലഭിക്കണം എന്ന ചിന്തയും വരരുത്. എന്നാൽ ജമാഅത്തിന്റെ ഭാരവാഹികളും അമീറുമാരും ഇത് ശ്രദ്ധിക്കേണ്ടതാണ്. ഒരിക്കൽ സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യ പിണ്ഡിയിൽ വന്നപ്പോൾ അമീർ സാഹിബിനെ കാണുന്നതിന്നായി സമയം ചോദിച്ചു. അപ്പോൾ അമീർ സാഹിബ് പറഞ്ഞു, താങ്കൾ ഇങ്ങോട്ട് വരേണ്ട. അവിടെ തന്നെ നിന്നുകൊള്ളുക. ഞാൻ സ്വയം അങ്ങോട്ട് വരുന്നതാണ്.

ഇവിടെ എത്തിയ ശേഷവും പിണ്ഡിജമാഅത്തിനെ കുറിച്ചുള്ള ചിന്ത എപ്പോഴുമുണ്ടായിരുന്നു. ഖാഇദ് സാഹിബുമായി നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. തഹ്രീക് ജദീദിനെ സംബന്ധിച്ച്, വർഷം അവസാനിച്ചു എന്താണവസ്ഥ എന്ന് ചോദിച്ചു. അദ്ദേഹം വഫാത്തായെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ തഹ്രീക് ജദീദിലെ സ്ഥാനം ഉന്നതിയി

ലാണ്. അതിന്റെ വിളംബരം ഇൻശാ അല്ലാഹ് അടുത്ത ജുമുആ ദിവസം ചെയ്യുന്നതാണ്. ഈ ജമാഅത്ത് അതിൽ വളരെ മെച്ചപ്പെട്ടിട്ടുണ്ട്. മാശാ അല്ലാഹ്.

വിളംബരപ്പെടുത്തുവാനുള്ള രണ്ടാമത്തെ വഫാത്ത്, ആഫ്രിക്കൻ അമേരിക്കൻ അഹ്മദിയായ ബഹുമാനപ്പെട്ട മുഹ്സിൻ മഹ്മൂദ് സാഹിബിന്റെതാണ്. 84-ാമത്തെ വയസ്സിൽ ഒക്ടോബർ 19-ാം തിയ്യതിയാണ് അദ്ദേഹം വഫാത്തായത്. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. 1958 അദ്ദേഹം ബൈഅത്ത് ചെയ്ത് ഇസ്‌ലാം അഹ്മദിയ്യത്തിൽ പ്രവേശിച്ചത്. അഹ്മദിയ്യത്ത് സ്വീകരിച്ച ശേഷം അദ്ദേഹത്തിന് ധാരാളം ദുരിതങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. വളരെ സഹനത്തോടും ധൈര്യത്തോടും കൂടി അതെല്ലാം സഹിച്ചു. സെക്രട്ടറി തബ്‌ലീഗ് ആയിരുന്നു. 15 വർഷത്തിലധികം അദ്ദേഹം ന്യൂയോർക്ക് സദ്ർ ജമാഅത്തായി സേവനമനുഷ്ഠിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചു. തബ്‌ലീഗിനോട് ഭ്രാന്തമായ ആവേശമായിരുന്നു. തബ്‌ലീഗിന്റെ സ്റ്റാളിടുമ്പോഴെല്ലാം തന്നെ അല്ലെങ്കിൽ നോട്ടീസ് വിതരണത്തിനുള്ള പരിപാടി സംഘടിപ്പിക്കുമ്പോഴെല്ലാം തന്നെ വളരെ ഉൽസാഹത്തോടെ അതിൽ പങ്കെടുക്കുമായിരുന്നു. മാത്രമല്ല, മുഴുവൻ ദിവസവും അതിനായി ചിലവഴിക്കുമായിരുന്നു.

നോമ്പിലും നമസ്കാരത്തിലും കൃത്യനിഷ്ഠ പുലർത്തിയിരുന്നു. തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. അങ്ങേയറ്റം സൗമ്യനും, വിനയാന്വിതനും, അങ്ങേയറ്റം സ്നേഹിക്കുന്ന വ്യക്തിയും, ദയാലുവും, എപ്പോഴും പുഞ്ചിരിക്കുന്നവനും, ഉന്നത ധാർമിക ഗുണങ്ങളുടെ ഉടമസ്ഥനും, സഹനശീലനും, ദരിദ്രരെ സംരക്ഷിക്കുന്നവനും, സൽപ്രകൃതക്കാരനും, ഭയഭക്തനും, ആത്മാർത്ഥ വ്യക്തിയുമായിരുന്നു. ഖിലാഫത്തിന്റെ അനുരക്തനും, ഖലീഫയുടെ എല്ലാ നിർദേശങ്ങളെയും ഉടൻ പ്രാവർത്തികമാക്കുന്ന വ്യക്തിയും, ജമാഅത്ത് വ്യവസ്ഥിതിയെ അനുസരിക്കുന്ന വ്യക്തിയുമായിരുന്നു.

ജമാഅത്തിലെ മുബല്ലിഗീംകളോട് വളരെ സ്നേഹവും ആദരവും പ്രകടിപ്പിച്ചിരുന്നു. ജമാഅത്തിന്റെ എല്ലാ മീറ്റിങ്ങുകളിലും സന്നിഹിതനാകുകയും എല്ലാ കാര്യങ്ങളും നിശബ്ദനായി ശ്രവിക്കുകയും ചെയ്യുമായിരുന്നു. അഭിപ്രായം ആരായുമ്പോൾ എപ്പോഴും ഗുണപ്രദവും ഉചിതവുമായ അഭിപ്രായം നൽകിയിരുന്നു. ന്യൂയോർക്കിലെ ബൈത്തുസ്സഫറിൽ എല്ലാ വർഷവും ചെടികൾ നട്ടു പിടിപ്പിക്കുകയും വർഷം മുഴുവനും അതിനെ പരിപാലിക്കുകയും ചെയ്യുമായിരുന്നു. പള്ളി വൃത്തിയാക്കലും അലങ്കരിക്കലുമെല്ലാം സൗഭാഗ്യമായി കരുതി കൊണ്ട് ചെയ്യുമായിരുന്നു.

സാമ്പത്തിക ത്യാഗത്തിൽ എപ്പോഴും മുന്നിലായിരുന്നു. തന്റെ കഴിവിനതീതമായി സാമ്പത്തിക ത്യാഗം ചെയ്യുമായിരുന്നു. 2005 ൽ ഞാൻ വസിയ്യത്തിന്റെ ആഹ്വാനം നടത്തിയപ്പോൾ അവിടെ പ്രാദേശികമായ നിലയിൽ ജമാഅത്തി തലത്തിൽ അദ്ദേഹത്തോയും പങ്കാളിയാകുവാൻ പറയുകയുണ്ടായി. അപ്പോൾ അദ്ദേഹം ചോദിച്ചു, എന്താണ് നിബന്ധന? അതിന്റെ ത്യാഗത്തിന്റെ ശർഹ് 10 ശതമാനമാണെന്ന് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു, ഞാൻ നേരത്തേ തന്നെ വരുമാനത്തിന്റെ 20,25 ശതമാനത്തോളം ചന്ദയായി നൽകുന്നുണ്ട്. എന്തായാലും അദ്ദേഹം അതിൽ തൃപ്തനായില്ല. കാലത്തിന്റെ ഖലീഫയുടെ ആഹ്വാനത്തിൽ ലബ്ബൈക്ക് പറയണ മായിരുന്നു. ഉടൻ തന്നെ വസിയ്യത്ത് പദ്ധതിയിൽ അംഗ മായി. പറയുന്നു, റിട്ടയേർഡായിരുന്നിട്ടും പെൻഷനിൽ ജീവിതം കഴിച്ചു കൂട്ടിയിരുന്നിട്ടു പോലും പ്രസ്തുത ജമാഅത്തിൽ അദ്ദേഹത്തിന്റെ ചന്ദ ഏറ്റവും കൂടുതലായിരുന്നു. ചിലപ്പോൾ സമ്പാദിക്കുന്നവരെക്കാളും കൂടുതലായിരുന്നു. അദ്ദേഹം ശരിയായ ശർഹനുസരിച്ചാണ് ചന്ദ നൽകിയിരുന്നത്.

അല്ലാഹു ഈ രണ്ട് മർഹൂമീംകൾക്കും മഗ്ഫിറത്ത് നൽകി അനുഗ്രഹിക്കുമാറാകട്ടെ. തന്റെ സംതൃപ്തിയുടെ സ്വർഗത്തിൽ ഇടം നൽകുമാറാകട്ടെ. ഉന്നത പദവികൾ നൽകുമാറാകട്ടെ. ഇദ്ദേഹം ആഫ്രിക്കൻ അമേരിക്കൻ അഹ്മദിയായിരുന്നു. അദ്ദേഹത്തിന്റെ ബന്ധുക്കളിൽ ഭാര്യയെ കൂടാതെ നാല് വളർത്തു മക്കളാണുള്ളത്. അവർക്ക് മക്കളൊന്നുമില്ല. അല്ലാഹു ഇവരുടെ ജമാഅത്തുമായുള്ള ബന്ധത്തെ ഊട്ടിയുറപ്പിക്കട്ടെ. അദ്ദേഹം നിലനാട്ടിയ നന്മയെ എപ്പോഴും നിലനിർത്തുന്നതിനുള്ള തൗഫീഖ് നൽകട്ടെ.

അതുപോലെ ഫള്‌ലുർ റഹ്മാൻ സാഹിബിന്റെ മക്കൾക്കു വേണ്ടിയും ദുആ ചെയ്യുക. അദ്ദേഹത്തിന്റെ നന്മകളെ നിലനിർത്തി കൊണ്ടു പോകുന്നതിനുള്ള തൗഫീഖ് അല്ലാഹു അവർക്ക് നൽകുമാറാകട്ടെ. ഖിലാഫത്തുമായും ജമാഅത്തുമായും അവർക്ക് ആത്മാർത്ഥതയുടെയും കൂറിന്റെയും ബന്ധം എപ്പോഴും ഉണ്ടാകട്ടെ.

ജുമുആ നമസ്കാരത്തിനു ശേഷം ഇവരുടെ രണ്ടുപേരുടെയും ജനാസ നമസ്കരിപ്പിക്കുന്നതാണ്. ഒന്ന് ജനാസ ഹാളിറാണ്. ഫള്‌ലുർ റഹ്മാൻ സാഹിബിന്റേത്. അതിനു വേണ്ടി ഞാൻ പുറത്തു പോകുന്നതാണ്. പുറത്തു പോയി നമസ്കരിപ്പിക്കുന്നതാണ്. നിങ്ങൾ ഇവിടെ തന്നെ നിന്നു കൊണ്ട് ജനാസ നമസ്കരിക്കുക.

## PRINTED BOOKS

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut - 10**


KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 November 02 at : Baitul Futuh London
Translation: T.M.Abdul Mujeeb Mob: 9946794987

Typing: T.M.Abdul Mujeeb
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**